കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാവേലിക്കര നഗരസഭ

## ഓഡിറ്റ്റിപ്പോർട്ട്

## 2015-2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-ജി.എ.5-160/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി.15.02.2017

ഫോൺ – 0477 2252753

ഇ-മെയിൽ – ddhglfalpy@gmail.com

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)

മാവേലിക്കര നഗരസഭ

സർ,

വിഷയം : മാവേലിക്കര നഗരസഭ - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(3)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാവേലിക്കര നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-2, 2-3, 2-4, 2-6, 2-13, 2-14, 2-15, 2-17 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-12, 3-17, 3-19, 3-20 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി ( പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
3. ഡയറക്ടർ നഗരകാര്യ വകുപ്പ് , തിരുവനന്തപുരം
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ് , കൊല്ലം
5. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-ജി.എ.5-160/2017 തീയതി:15.02.2017

## ആലപ്പുഴ ജില്ലയിലെ മാവേലിക്കര നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം - വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മാവേലിക്കര നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 14.04.2016 മുതൽ 31.12.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ആർ.അശോകൻ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 20.01.2017 മുതൽ<br>31.01.2017 വരെ | ശ്രീ. വി.കെ.രഞ്ജീവ്, ഓഡിറ്റ് ഓഫീസർ<br>ശ്രീ. ജ്യോതിമോൻ. സി. സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. മായാദേവി. സി. എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ദീപാ. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. സുഷ. റ്റി. പിള്ള, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. സുനിൽ കുമാർ. ജി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) ചെയർ പേഴ്സൺ

| | | |
|---|---|---|
| 1. | ശ്രീമതി.ലീലാ അഭിലാഷ് | 01.04.2015 മുതൽ 31.10.2015 വരെ |
| 2. | ഭരണ നിർവ്വഹണ സമിതി | 01.11.2015 മുതൽ 17.11.2015 വരെ |
| 3. | ശ്രീമതി. ലീലാ അഭിലാഷ് | 18.11.2015 മുതൽ 31.03.2016 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1. | ശ്രീ. ഡി. സാജു | 01.04.2015 മുതൽ 26.06.2015 വരെ |
| 2. | ശ്രീ. ഡി.ദിനേശ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ (സെക്രട്ടറിയുടെ ചാർജ് ) | 27.06.2015 മുതൽ 08.07.2015 വരെ |
| 3. | ശ്രീ. എൻ. കെ .കൃഷ്ണ കുമാർ | 08.07.2015 മുതൽ 31.03.2016 വരെ |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ. ഡി.ദിനേശ് കുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| 2 | സൂപ്രണ്ട്, ജില്ലാ ആശുപത്രി, മാവേലിക്കര | ഡോ. ഷഹനാ.കെ.മുഹമ്മദ് | 01.04.2015 മുതൽ 31.03.2016 വരെ |
| 3 | ചീഫ് മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ആശുപത്രി | ഡോ. സുലോചന | 01.04.2015 മുതൽ 31.03.2016 വരെ |
| 4 | സീനിയർ വെറ്റിനറി സർജൻ | ഡോ.സന്തോഷ് കുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| 5 | ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസർ | ശ്രീമതി.കെ.കെ.കൃഷ്ണകുമാരി | 01.04.2015 മുതൽ 31.03.2016 വരെ |
| 6 | പ്രധാന അദ്ധ്യാപകൻ, എൽ.പി.ജി.എസ്, മാവേലിക്കര | ശ്രീമതി.അനിതാ ബേബി | 01.04.2015 മുതൽ 31.03.2016 വരെ |
| 7 | വ്യവസായ വികസന ഓഫീസർ | ശ്രീമതി. ആശാ റാണി | 01.04.2015 മുതൽ 31.03.2016 വരെ |
| 8 | അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ | ശ്രീ.എം.എൻ പ്രസാദ് | 01.04.2015 മുതൽ 31.03.2016 വരെ |
| 9 | പട്ടിക ജാതി വികസന ഓഫീസർ | ശ്രീമതി.ഉഷാ ദേവി. പി | 01.04.2015 മുതൽ 31.03.2016 വരെ |
| 10 | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | ശ്രീ.അനൂപ്.വി.സി | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഇനം | റിമാർക്സ് |
|---|---|---|---|
| ഭാഗം – 1 | | | |
| 1 | 1-1 മുതൽ 1-12 വരെ | പൊതുഅവലോകനം | |
| ഭാഗം – 2 | | | |
| 2 | 2-1 | 'ട്രേഡേഴ്സ് ലിസ്റ്റ് സുതാര്യമല്ല - സ്ഥാപനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല | |
| 3 | 2-2 | ലൈസൻസ് ഫീസ് ഏകീകൃത നിരക്കിൽ ഈടാക്കുന്നില്ല | |
| 4 | 2-3 | കാലഹരണപ്പെട്ട ബൈലോയെ അടിസ്ഥാനമാക്കി ഫീസ് ഈടാക്കുന്നു - വൻ തോതിൽ വരുമാന ചോർച്ച | |
| 5 | 2-4 | ഒരേ ബിസിനസ്സിന് വ്യത്യസ്ഥ നിരക്കുകൾ | |
| 6 | 2-5 | പുഷ്പമേള സ്റ്റാളുകളിൽ നിന്ന് താൽക്കാലിക ലൈസൻസ് ഫീസ് ഈടാക്കിയില്ല | |
| 7 | 2-6 | സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | |
| 8 | 2-7 | ലൈസൻസ് ഫീസ് കണക്കിൽ കൃത്യതയില്ല-ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | |
| 9 | 2-8 | തനത് ഫണ്ട് പരിപാലനത്തിനായി 2 അക്കൗണ്ടുകൾ | |
| 10 | 2-9 | മൊബൈൽ ടവറിന് പെർമിറ്റ് ഫീസ് ഈടാക്കാതെ ക്രമവൽക്കരിച്ചു. | |
| 11 | 2-10 | സർവീസ് സെസ്സ് ഈടാക്കിയില്ല | |
| 12 | 2-11 | അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല | |
| 13 | 2-12 | തൊഴിൽ നികുതിയിൽ അനർഹമായ ഇളവ് നല്കിയിരിക്കുന്നു | |
| 14 | 2-13 | വസ്തു നികുതി പരിഷ്കരണം നടപ്പാക്കിയിട്ടില്ലാത്തതിനാൽ വരുമാന നഷ്ടം | |
| 15 | 2-14 | വിവിധ പദ്ധതികളുടെ നടത്തിപ്പിനായി സർക്കാരിൽ നിന്ന് ലഭിച്ച തുകകൾ ചെലവഴിക്കപ്പെടാതെ നിക്ഷേപമായി തുടരുന്നു | |

| | | | |
|---|---|---|---|
| 16 | 2-15 | വാടകക്കുടിശ്ശിക ഈടാക്കാതെ തുടരുന്നു. | |
| 17 | 2-16 | പരസ്യനികുതിവരുമാനം വളരെ കുറവ് - പിരിച്ചെടുക്കേണ്ട തുക ഈടാക്കിയിട്ടുമില്ല. | |
| 18 | 2-17 | തനത് വരവ് :4.7കോടി കുടിശിക,ബാധ്യതകൾകോടികളായി പെരുകുന്നു | |
| 19 | 2-18 | വിനോദനികുതി:പിരിവും പരിശോധനയും കാര്യക്ഷമമല്ല;ലക്ഷങ്ങൾ ചോരുന്നു | |
| 20 | 2-19 | നിരവധി ബാങ്ക് അക്കൗണ്ടുകളിൽ തുക നിക്ഷേപിക്കുന്നു | |
| 21 | 2-20 | ദുരിതാശ്വാസ നിധി ചെലവഴിച്ചില്ല | |
| ഭാഗം – 3 | | | |
| 22 | 3-1 | പ്രായ പരിധി കഴിഞ്ഞവർക്ക് തൊഴിൽ രഹിത വേതന വിതരണം ചെയ്തു | |
| 23 | 3-2 | പെൻഷൻ കോൺട്രിബ്യൂഷൻ-തനതു ഫണ്ടിന് അധിക ബാദ്ധ്യത | |
| 24 | 3-3 | മുൻ കൂറുകൾ അഡ്ജസ്റ്റ് ചെയ്തിട്ടില്ല | |
| 25 | 3-4 | നിശ്ചിത സമയ പരിധിക്കുള്ളിൽ കരാർ വെയ്ക്കാത്തതിന് ഫൈൻ ഈടാക്കിയില്ല. | |
| 26 | 3-5 | ഗ്യാസ് ക്രിമറ്റോറിയം നവീകരണത്തിന് 3.02ലക്ഷം;ചെലവ് മരാമത്ത് ചട്ടങ്ങൾ ലംഘിച്ച് | |
| 27 | 3-6 | സോഡിയം വേപ്പർ വിളക്ക് അറ്റകുറ്റപണി:ഫണ്ട് വകമാറ്റി, അധികചെലവ് | |
| 28 | 3-7 | ചരുവിൽ കോളനി റോഡ് റീ കോൺക്രീറ്റിംഗ്- സിംഗിൾ ടെണ്ടർ നിരസിച്ചത് മൂലം നഷ്ടം | |
| 29 | 3-8 | സാങ്കേതിക നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതുമൂലം അധിക ചെലവ് | |
| 30 | 3-9 | നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കാത്ത പ്രവർത്തികൾക്ക് ഫൈൻ ഈടാക്കിയതിൽ കുറവ്. | |
| 31 | 3-10 | പഠനമുറി - മാന ദണ്ഡങ്ങൾ പാലിക്കാതെ ആനുകൂല്യം നൽകി | |

| | | | |
|---|---|---|---|
| 32 | 3-11 | 2011-12 വർഷത്തെ രേഖകളുടെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകി | |
| 33 | 3-12 | സർക്കാർ ജീവനക്കാരിക്ക് ആനുകൂല്യം നൽകി | |
| 34 | 3-13 | ഭവന നിർമ്മാണം -മാനദണ്ഡങ്ങൾ പാലിക്കാതെ ആനുകൂല്യം അനുവദിച്ചു | |
| 35 | 3-14 | കിണർ നിർമ്മാണം - വാല്യുവേഷൻ പ്രകാരമുള്ള തുക ആനുകൂല്യമായി നൽകി | |
| 36 | 3-15 | മുൻ കൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല | |
| 37 | 3-16 | എസ്.സി.ഡെവലപ്മെന്റ് ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ-രേഖകൾ സൂക്ഷിച്ചതിലെ പൊതുവായ ന്യൂനതകൾ | |
| 38 | 3-17 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഭൂമി വാങ്ങി | |
| 39 | 3-18 | മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ച് പ്രോജക്ട് നടപ്പാക്കി | |
| 40 | 3-19 | സേവനനികുതി - വരവിന്റെയും ചെലവിന്റെയും കൃത്യത ഉറപ്പാക്കാനാവശ്യമായ രേഖകളില്ല | |
| 41 | 3-20 | വെള്ളക്കരം നഗരസഭയ്ക്ക് വൻ ബാദ്ധ്യത | |
| 42 | 3-21 | എസ്.സി.പി.ഫണ്ടിന്റെ ചെലവ് ക്രമപ്രകാരമല്ല | |
| 43 | 3-22 | പട്ടികജാതി കുട്ടികളുടെ എണ്ണം കണക്കാക്കാതെ എസ്.എസ്.എ.യ്ക്ക് വേണ്ടി എസ്.സി.പി. വിഹിതം ചെലവഴിച്ചു | |
| 44 | 3-23 | കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്കായി വന്ന തുക കൈമാറാതെ തനതു ഫണ്ട് നിക്ഷേപമാക്കി (ഫയൽ നം.CDS.8333/08) | |
| 45 | 3-24 | നഗരസഭയ്ക്ക് ബാദ്ധ്യതയില്ലാത്ത കടമുറിയുടെ കറണ്ട് ചാർജിനത്തിൽ അനധികൃത ചെലവ് | |
| 46 | 3-25 | ആശ്രയ ഗുണഭോക്താക്കളെ അവഗണിക്കുന്നു | |
| 47 | 3-26 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ- അവലോകനം | |
| ഭാഗം – 4 | | | |
| 48 | 4-1 മുതൽ 4-10 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |

| | | | |
|---|---|---|---|
| | വരെ | | |
| 49 | 4-11 | ഓഡിറ്റ് നിർദേശങ്ങൾ | |
| 50 | അനബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 27.03.2015 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 184768700 | 180429500 |
| വാർഷിക കണക്കുകൾ പ്രകാരം | 87569908 | 14235259 |
| വ്യത്യാസം | 97198792 | 166194241 |

ഏതൊരു സ്ഥാപനത്തിന്റെയും ധനകാര്യ സ്ഥിതി സൂചിപ്പിക്കുന്ന രേഖയായിരിക്കണം ബജറ്റ് .അതിനാൽ ബജറ്റ് തയ്യാറാക്കുമ്പോൾ വേണ്ടത്ര മുന്നൊരുക്കങ്ങൾ നടത്തേണ്ടതാണ്. ബജറ്റ് പ്രകാരമുള്ള വരവും ചെലവും യഥാർത്ഥ വരവും ചെലവും തമ്മിൽ വൻ അന്തരമുള്ളതായി മേൽ കണക്കുകൾ സൂചിപ്പിക്കുന്നു.

ബജറ്റിലെ നിർദ്ദേശങ്ങൾ കൃത്യമായി നടപ്പാക്കാത്തത് മൂലം സംഭവിച്ച പിഴവാണ് ഇത്. നഗര സഭയുടെവികസനാവശ്യങ്ങളും നിലവിലെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 30.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 58048242.94 |
| വരവ് | 87569908.00 |
| ആകെ | 145618150.94 |
| ചെലവ് | 114235259.00 |
| നീക്കിയിരിപ്പ് | 31382891.94 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | TC ചെയ്ത് ലഭിച്ച തുക | തൻ വർഷ അലോട്ട് മെന്റ് | അലോട്ട് മെന്റിൽ നിന്നും പിൻ വലിച്ച തുക | ആകെ (2+3+5) | ചെലവ് | TC ചെയ്ത് നല്കിയ തുക | സർക്കാ രിലേക്ക് തിരിച്ചടച്ച തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| വികസനഫണ്ട് പൊതുവിഭാഗം | 2660020 | 21878954 | 18765392 | 0 | 24538974 | 11662075 | 0 | 12876899 | 0 |
| വികസനഫണ്ട് എസ്.സി.പി. | 8212985 | 0 | 17460150 | 6625805 | 14838790 | 9576640 | 5262150 | 0 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 5835425 | 0 | 9552000 | 5125091 | 10960516 | 10960516 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 2334750 | 0 | 5691000 | 2043295 | 4378045 | 4378045 | 0 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7213762 | 0 | 22521873 | 12349737 | 19563499 | 7672655 | 11890844 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 4862391 | 0 | 4725960 | 1992650 | 6855041 | 2129081 | 4725960 | 0 | 0 |
| അയ്യൻകാളി നഗര തൊഴിലുറപ്പ പദ്ധതി | 1061778 | | 1697741 | 0 | 2759519 | 1824445 | 0 | 0 | 935074 |
| ബി ഫണ്ട് | 0 | 0 | 24850089 | 24850089 | 24850089 | 0 | 0 | 0 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 216 | 91107148 | 124 | 46379012 | 32 | 60 | 57.41% |

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 4 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 20237155 | 22471115 | 2233960 | 11.04 |
| നികുതിയേതര വരവുകൾ | 8957797 | 6876305 | (-)2081492 | (-)23.24 |
| മറ്റ് വരവുകൾ | 3992949 | 2305883 | (-) 1687066 | (-) 42.25 |
| ആകെ | 33187901 | 31653303 | (-) 1534598 | (-) 4 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 166920 | 113 |
| കർഷകതൊഴിലാളി പെൻഷൻ | 2426250 | 257 |
| വിധവാപെൻഷൻ | 7825000 | 734 |
| വാർദ്ധക്യകാലപെൻഷൻ | 11336610 | 1599 |
| വികലാംഗപെൻഷൻ | 2259980 | 208 |
| അവിവാഹിതപെൻഷൻ | 507480 | 57 |
| വിവാഹ ധനസഹായം | 240000 | 8 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.01.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 63,149 /-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഓഫീസ് ഭരണത്തിന് കാര്യമായ മേൽനോട്ട സംവിധാനം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇവ പാലിക്കപ്പെടുന്നില്ല. ഇതിനാൽ തനത് വരവിനങ്ങൾ പിരിച്ചെടുക്കുന്നതിൽ ഗുരുതരമായ വീഴ്ച കാണുന്നു. കളക്ഷൻ സ്റ്റാഫിന് ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. ഇവരുടെ പിരിവ് റവന്യൂ സൂപ്രണ്ട്, സെക്രട്ടറി, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവ പരിശോധിക്കുന്നില്ല.
പുതിയ നികുതികളും ഫീസുകളും യാഥാർത്ഥ്യ ബോധത്തോടെ ചുമത്തി ഈടാക്കുന്നില്ല. നഗരസഭാ കൗൺസിൽ ഇത് മോണിട്ടറിംഗ് ചെയ്യുന്നില്ല.
രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ കാര്യക്ഷമതയില്ല. വിവിധ തനത് വരവിനങ്ങളുടെ ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.
അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2010 ഡിസംബർ 20, 21, 22, 23 | 2009-2010 | റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.03.2016 മുതൽ | 2010-11മുതൽ 2014-15 വരെ | 16.05.2016 |

## 1-12 ഓഡിറ്റ് നിർദ്ദേശങ്ങൾ

2015-16 ഓഡിറ്റിന്റെ വിശകലനങ്ങളുടെ അടിസ്ഥാനത്തിൽ താഴെ വിവരിക്കുന്ന നിർദ്ദേശങ്ങൾ നഗരസഭ കൗൺസിലിന്റെ അടിയന്തിര പരിഗണനയ്ക്ക് സമർപ്പിക്കുന്നു.

1. രേഖകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നതിൽ ഗുരുതരമായ അനാസ്ഥ ദൃശ്യമാണ്. അതിനാൽ നഗരസഭയിലെ എല്ലാ സെക്ഷനുകളും ഐ.കെ.എമ്മിന്റെ സാങ്കേതിക മേൽ നോട്ടത്തിൽ കമ്പ്യൂട്ടർവത്ക്കരിച്ച് വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തേണ്ടതാണ്. ഇതിലൂടെ നഗരഭരണം സുതാര്യവും ജനതാൽപ്പര്യപരവുമാക്കേണ്ടതാണ്.
2. കാലഹരണപ്പെട്ട ബൈലോകളാണ് തനത് വരവിലെ പ്രധാന ഇനങ്ങൾ പിരിക്കുവാൻ ഉപയോഗിക്കുന്നത്. ഇതിനാൽ വരവിൽ ലക്ഷങ്ങളാണ് ചോരുന്നത്. ബൈലോകൾ ഉടൻ പരിഷ്ക്കരിക്കേണ്ടതാണ്.
3. എല്ലാ തനത് വരവിനങ്ങളിലും വൻ തുക കുടിശ്ശികയാണ്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ സമയബന്ധിത നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. കെട്ടിടനികുതി പരിഷ്ക്കരണം ഇഴയുകയാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ പരിഷ്ക്കരണം വേഗത്തിൽ തീർത്ത് പുതുക്കിയ നികുതി കുടിശ്ശിക സഹിചം പിരിച്ചെടുക്കേണ്ടതാണ്.
5. ഡി & ഒ ലൈൻസ് ഫീസ് പിരിവിന് ആധാരമായ ട്രേഡേഴ്സ് ലിസ്റ്റിൽ സ്ഥാപനങ്ങളുടെ വ്യാപാര നാമം കർശനമായും ചേർക്കേണ്ടതാണ്. വലിയ സ്ഥാപനങ്ങൾ പലതും ലിസ്റ്റിൽ കാണുന്നില്ല. അതിനാൽ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി പുതിയ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ലിസ്റ്റ് വാർഡ് സഭകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, നഗരസഭ കൗൺസിൽ എന്നിവയുടെ ത്രിതല സൂക്ഷ്മ പരിശോധനയ്ക്കും

അംഗീകാരത്തിനും ശേഷം അന്തിമമാക്കേണ്ടതാണ്.

6. വെള്ളക്കരം, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്ക് ലക്ഷങ്ങളാണ് ചെലവഴിക്കുന്നത്. ചെലവിന്റെ കൃത്യത സംശയം ജനിപ്പിക്കുന്നതാണ്. അടിയന്തിരമായി സംയുക്ത പരിശോധന നടത്തി നഗരസഭാ ഫണ്ടിന്റെ ചോർച്ച ഒഴിവാക്കേണ്ടതാണ്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 'ട്രേഡേഴ്സ് ലിസ്റ്റ് സുതാര്യമല്ല - സ്ഥാപനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

തനതു ഫണ്ട് വരുമാനത്തിന്റെ പ്രധാന സ്രോതസ്സായ ഡി & ഒ ലൈസൻസ് ഫീസ് സംബന്ധിച്ച് മുൻസിപ്പൽ പരിധിയിൽ പ്രവർത്തിച്ച് വരുന്ന സ്ഥാപനങ്ങളുടെ പേര്, വിലാസം ഉൾപ്പെടെയുള്ള പ്രധാന വിവരങ്ങളോ ആധികാരികമായ മാതൃകയിലുള്ള സ്ഥാപനങ്ങളുടെ പൂർണ്ണ വിവരങ്ങളോ നിലവിലുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഡി&ഒ ലൈസൻസ് വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15) നിർദ്ദേശം ലഭിക്കാഞ്ഞതിനാലാണ് പൂർണ്ണ വിവരങ്ങൾ ചേർക്കാതിരുന്നത് എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ട്രേഡേഴ്സ് ലിസ്റ്റിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തി വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

### 2-2 ലൈസൻസ് ഫീസ് ഏകീകൃത നിരക്കിൽ ഈടാക്കുന്നില്ല

ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ ഒരു ഏകീകൃത മാനദണ്ഡം പാലിക്കുന്നില്ല. ഏതാനും ചില സ്ഥാപനങ്ങളിൽ നിന്നു മാത്രം ഉയർന്ന നിരക്കിലും (ഉദാ-സൗപർണ്ണിക ഹൈപ്പർ മാർക്കറ്റ് – 12000/-, ഹോട്ടൽ ഇന്ദ്രപ്രസ്ഥ – 20000/-) ഭൂരിപക്ഷം സ്ഥാപനങ്ങളിൽ നിന്നും വളരെ കുറഞ്ഞ നിരക്കിലുമാണ് ഡി&ഒ ഫീസ് ഈടാക്കി വരുന്നത്. ഇതു സംബന്ധിച്ച് കാലാനുസൃതമായി പരിഷ്കരിച്ച ഒരു ബൈലോ നാളിതുവരെ പാസ്സാക്കുകയോ പരിഷ്കരിച്ച നിരക്കിൽ ലൈസൻസ് ഫീസ് ഡിമാന്റിൽ ഉൾപ്പെടുത്തി പിരിച്ചെടുക്കുകയോ ചെയ്തില്ല.

### 2-3 കാലഹരണപ്പെട്ട ബൈലോയെ അടിസ്ഥാനമാക്കി ഫീസ് ഈടാക്കുന്നു - വൻ തോതിൽ വരുമാന ചോർച്ച

ഡി & ഒ ലൈസൻസ് ഫീസ് 04/02/1997 ലെ കാലഹരണപ്പെട്ട ഒരു ഗസറ്റ് / ബൈലോയെ അടിസ്ഥാനമാക്കിയാണ് ഈടാക്കി വരുന്നത്. ടി ബൈലോ കാലികമായി പരിഷ്കരിച്ചിട്ടില്ല. ടി ബൈലോയിൽ ഉൾപ്പെടാത്ത വിഭാഗങ്ങൾക്ക് ഒരു മാനദണ്ഡവും പാലിക്കാതെ തോന്നുംപടിയാണ് ലൈസൻസ് ഫീസ് ചുമത്തുന്നത്. ടി ബൈലോയിൽ ഉൾപ്പെടാത്ത ഫ്ലക്സ് പ്രിന്റിംഗ്, ഹൈപ്പർ/സൂപ്പർ മാർക്കറ്റ്, ഇന്റർനെറ്റ് കഫെ, ഐ.റ്റി ബിസിനസ്സ്, മൊബൈൽ ഷോപ്പ്, വിദേശ മദ്യഷോപ്പ്/ബിവറേജസ് , ബ്യൂട്ടി പാർലർ, ഡി.റ്റി.പി, ലേസർ പ്രിന്റിംഗ് മുതലായ വ്യാപാര സ്ഥാപനങ്ങൾക്ക് നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കിയതുവഴി മുൻസിപ്പാലിറ്റിക്ക് വൻതുക വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്.

ഓഡിറ്റ് വേളയിൽ ഹാജരാക്കിയ 1997 ലെ ബൈലോയിൽ പരമാവധി വാർഷിക ടേണോവർ ഒരു ലക്ഷം വരെയുള്ള ബിസ്സിനസ്സ് സ്ഥാപനങ്ങളുടെ ഫീസ് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ മുൻസിപ്പൽ പ്രദേശത്ത് പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങൾക്കും ഒരു കോടിയ്ക്ക് മുകളിൽ വാർഷിക ടേണോവർ ഉള്ളതാണ്. വലിയ സ്ഥാപനങ്ങളിൽ നിന്നും കാലഹരണപ്പെട്ട ബൈലോയെ അടിസ്ഥാനമാക്കി ഫീസ് ഈടാക്കി ലൈസൻസ് പുതുക്കി നൽകിയതിനാൽ നാളിതുവരെ മുൻസിപ്പാലിറ്റിക്ക് വൻതുക വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്.

കാലാവധി കഴിഞ്ഞ മുറയ്ക്ക് ലൈസൻസ് ഫീസ് പുതുക്കി നിർണ്ണയിച്ച് സ്ഥാപനത്തിന്റെ വരുമാനം

വർദ്ധിപ്പിക്കാൻ വേണ്ട ഒരു ശ്രമവും നടത്തിയില്ല. ബൈലോയിൽ പരാമർശിക്കാത്ത ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതിലൂടെ മുൻസിപ്പാലിറ്റിക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തി കുടിശ്ശിക ഉൾപ്പെടെ ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 ഒരേ ബിസിനസ്സിന് വ്യത്യസ്ഥ നിരക്കുകൾ

താഴെപ്പറയുന്ന ഒരേ തരം ബിസിനസ്സ് ചെയ്യുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും ഏകീകൃത മാനദണ്ഡം സ്വീകരിക്കാതെ വ്യത്യസ്ഥ നിരക്കിൽ കുറഞ്ഞ ലൈസൻസ് ഫീസ് ഈടാക്കിയതു വഴി മുൻസിപ്പാലിറ്റിക്ക് തുടർച്ചയായി വരുമാനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. കുറഞ്ഞ നിരക്കിൽ വ്യത്യസ്ഥ ഫീസ് ഈടാക്കിയ സ്ഥാപനങ്ങൾ

| ക്രമ നം. | സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|
| 1 | I.O.C പെട്രോൾ പമ്പ്, പുതിയകാവ് | 1000/- |
| 2 | മോഹൻസ് ഫ്യവൽസ് | 500/- |
| 3 | ഗോമദത്ത് പെട്രോൾ പമ്പ് | 500/- |
| ജ്യൂവലേഴ്സ് | | |
| 1 | മോഹനാ ജ്യുവലറി | 300/- |
| 2 | കല്ലുപറമ്പിൽ ജ്യുവലേഴ്സ് | 750/- |
| 3 | എ.ആർ. ജ്യുവലേഴ്സ് | 1000/- |
| 4 | വാഴപ്പള്ളിൽ ജ്യുവലേഴ്സ് | 600/- |
| 5 | സ്വപ്ന ജ്യുവലറി | 1500/- |
| 6 | ശരവണ ജ്യുവലേഴ്സ് | 500/- |
| 7 | മംഗല്യ ജ്യുവലേഴ്സ് | 500/- |
| 8 | സിമി ഭവൻ ജ്യുവലറി | 250/- |
| 9 | കല്യാൺ ജ്യുവലേഴ്സ് | 5000/- |
| ഹോട്ടൽ &ബിയർ പാർലർ | | |

| | | |
|---|---|---|
| 1 | വന്ദനം ഹോട്ടൽ (എ ക്ലാസ് ഹോട്ടൽ - 20 മുറികൾ) | 575/- |
| 2 | ഹോട്ടൽ ഇന്ദ്രപ്രസ്ഥ (ഹോട്ടൽ & ബിയർ പാർലർ) | 20000/- |
| 3 | ഹോട്ടൽ സിക്സർ ( ഹോട്ടൽ & ബിയർ പാർലർ) | 2000/- |
| 4 | ട്രാവൻകൂർ റീജൻസി (ഹോട്ടൽ) | 2000/- |
| ലോഡ്ജുകൾ | | |
| 1 | ചെറുമഠം ലോഡ്ജ് | 500 |
| 2 | ലക്ഷ്മി ലോഡ്ജ് | 1000 |
| 3 | അശ്വനി ലോഡ്ജ് | 300 |
| 4 | അശോക ലോഡ്ജ് | 500 |
| കാർ സെയിൽസ് & സർവീസ് | | |
| 1. | ഹെർകുലീസ് മാരുതി ഷോറൂം | 250/- |
| 2 | ഇൻഡസ് മാരുതി ഷോറും | 2500 |
| 3. | പോപ്പുലർ മാരുതി ഷോറും | 1000 |
| ലാബുകൾ | | |
| 1 | ബയോ വിഷൻ ലാബ് | 1000 |
| 2 | മെഡിവിഷൻ ലാബ് | 3000 |
| 3 | ചാക്കോ മെമ്മോറിയൽ ലാബ് | 100 |
| ഒപ്റ്റിക്കൽസ് | | |
| 1 | കുര്യൻ ഒപ്റ്റിക്കൽസ് | 500 |
| 2 | തോപ്പിൽ ഒപ്റ്റിക്കൽസ് | 100 |
| 3 | തൃച്ചൂർ ഒപ്റ്റിക്കൽസ് | 100 |

2. കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കിയ വരുമാനം കൂടിയ മറ്റു സ്ഥാപനങ്ങൾ

| ക്രമ നം. | സ്ഥാപനം | ഈടാക്കിയ ഫീസ് |
|---|---|---|
| 1 | സാരംഗ് സ്പോർട്സ് & ഫിറ്റ്നെസ്സ് | 300 |
| 2 | ചാലായീസ് ക്ലോത്ത് സെന്റർ | 500 |
| 3 | OASIS ടെക്സ്റ്റയിൽസ് | 500 |
| 4 | EXPO ടെയ് ലേഴ്സ് | 500 |
| 5 | സിൻഡ്രെല്ലാ ഫിറ്റ്നെസ്സ് | 1000 |
| 6 | ചിക്കോക്ക് ഫുഡ്സ് | 1500 |
| 7 | പോത്തൻസ് ബേക്കറി | 1500 |
| 8 | ബെസ്റ്റ് ബേക്കറി | 500 |
| 9. | താജ് മാർബിൾസ് | 3000 |
| 10 | പ്രിൻടെക് ഫ്ലക്സ് പ്രിന്റിംഗ് | 375/- |
| 11 | പോത്തൻ സ്റ്റോഴ്സ് - 2 എണ്ണം | 750/- വീതം |
| 12 | പി.എൻ.വി ട്രേഡേഴ്സ് | 850 |
| 13 | ആർ.വി ഫർണ്ണീച്ചർ | 1000 |
| 14 | ആർ.വി ബേക്കറി | 1000 |

താരതമ്യേന വരുമാനം കൂടിയ മേൽ സ്ഥാപനങ്ങൾക്ക് പരിഷ്കരിച്ച ഒരു പൊതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ലൈസൻസ് ഫീസ് ചുമത്തി വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3. സ്ഥാപനത്തിന്റെ പേര്, സ്ഥല നാമം എന്നിവ രേഖപ്പെടുത്താതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

സ്ഥാപനത്തിന്റെ പേര് ബോർഡിൽ രേഖപ്പെടുത്താതെയും സ്ഥലനാമം രേഖപ്പെടുത്താതെയും ധാരാളം സ്ഥാപനങ്ങൾ മുൻസിപ്പൽ പരിധിയിൽ പ്രവർത്തിക്കുന്നു. ഇത്തരത്തിൽ സ്ഥാപനങ്ങൾക്ക് മുൻസിപ്പൽ പ്രദേശത്ത് പ്രവർത്തിക്കാൻ അവകാശമില്ലാത്തതാണ്. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15) നിർദ്ദേശം ലഭിക്കാത്തതിനാലാണ് ടി വിവരങ്ങൾ രേഖപ്പെടുത്താത്തത് എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. സ്ഥാപനങ്ങളുടെ പൂർണ്ണ വിവരങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിലും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇത്തരം സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന്

പരിശോധിക്കാൻ ഓഡിറ്റിനായിട്ടില്ല. അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

4. ലൈസൻസ് അപേക്ഷകളിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല – അന്വേഷണ റിപ്പോർട്ടില്ലാതെ ലൈസൻസ് പുതുക്കി നൽകി.

   2015-16 ൽ പുതുക്കി നൽകിയ ലൈസൻസ് അപേക്ഷകളിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷയിലെ പല കോളങ്ങളും പൂരിപ്പിച്ചിട്ടില്ല. അപേക്ഷകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് ഇല്ലാതെ ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. അപാകത പരിഹരിച്ച് ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 2-5 പുഷ്പമേള സ്റ്റാളുകളിൽ നിന്ന് താൽക്കാലിക ലൈസൻസ് ഫീസ് ഈടാക്കിയില്ല

പുഷ്പമേളക്കായി വിവിധ തരത്തിലുള്ള 45 ഓളം സ്റ്റാളുകൾ പ്രവർത്തിച്ചുവെങ്കിലും സ്റ്റാളുകളിൽ നിന്നും വെവ്വേറെ താല്ക്കാലിക ലൈസൻസ് ഫീസ് ഈടാക്കാതെ ടി അവകാശം ശ്രീ. വി.എം.മത്തായി എന്നയാൾക്ക് വെറും 2500/- രൂപയ്ക്ക് നൽകി. തുച്ഛമായ ഫീസ് മാത്രം ഈടാക്കി സ്റ്റാളുകളിൽ നിന്ന് താല്ക്കാലിക ലൈസൻസ് ഫീസ് പിരിക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം15) 99% സ്റ്റാളുകളും കാർഷിക ഗാർഹിക ചെടികളാണെന്നും 1997 ലെ ബൈലോയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഫീസ് ഈടാക്കിയിട്ടില്ലായെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ഭാവിയിൽ ഇത്തരത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്. വിഷയം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-6 സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

മാവേലിക്കര മുൻസിപ്പൽ പ്രദേശത്ത് ധാരാളം സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നുണ്ട്. 2015-16 ൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച ഏതാനും സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

1. തമ്പുരാൻ ട്രേഡേഴ്സ്
2. മലബാർ ലെതർ പാലസ്
3. AVJ ജ്യുവലറി
4. സപ്ലൈകോ (സൂപ്പർ മാർക്കറ്റ് & ഗോഡൗൺ)
5. GVR ടൂറിസ്റ്റ് ഹോം
6. കൃഷ്ണാസ് ലിംഗറി ഷോപ്പ്
7. മൈക്രോ പോയിന്റ്
8. അയ്യപ്പാസ് ടെക്സ്റ്റയിൽസ്
9. ബേക്ക് ഹൗസ്
10. എസ്.എസ്. ഹ്യുണ്ടായി -ഹ്യുണ്ടായി ഷോറൂം(കാർ സെയിൽസ് & സർവീസ്)
11. രേവതി മാർബിൾസ്
12. രാജേശ്വരി ടെക്സ്റ്റയിൽസ്
13. ബിവറേജസ് ഔട്ട് ലെറ്റ്
14. കോട്ടൻബായി
15. തോപ്പിൽ ഒപ്റ്റിക്കൽസ് - 1 എണ്ണം
16. കടവിൽ ടയേഴ്സ് (ടയർ & ട്യൂബ് സെയിൽസ്)

17. വീൽകെയർ (ടയർ & ട്യൂബ് സെയിൽസ്)
18. കടവിൽ ക്ലോത്ത് ഹൗസ്
19. ആലപ്പി ജ്യൂവലേഴ്സ്
20. പോളച്ചിറയ്ക്കൽ ക്ലിനിക്ക്
21. കേരള ട്രാൻസ്പോർട്ട് കമ്പനി (കൊറിയർ)
22. ആലപ്പുഴ പാഴ്സൽ സർവീസ് (APS)

മേൽ പരാമർശിച്ച സ്ഥാപനങ്ങളുടെ 2015-16 ലെ ലൈസൻസ് അപേക്ഷകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.16) നൽകിയെങ്കിലും ടി അപേക്ഷകളോ മറുപടിയോ ലഭിച്ചില്ല. ടി സ്ഥാപനങ്ങളുടെ 2015-16 ലെ ലൈസൻസ് ഫീസ് പിഴപ്പലിശ ഉൾപ്പെടെ ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 ലൈസൻസ് ഫീസ് കണക്കിൽ കൃത്യതയില്ല-ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

2015-16 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ഡി&ഒ ഫീസിനത്തിൽ കിട്ടാക്കടമായി (Bad debt) B-21 ഷെഡ്യൂളിൽ 14629/- രൂപയും B-15ഷെഡ്യൂളിൽ കറണ്ട് കുടിശ്ശിക 3500/- രൂപയും അരിയർ കുടിശ്ശിക 1156338/- രൂപയും ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഡി & ഒ ഇനത്തിൽ ടി രേഖകൾ പ്രകാരം കിട്ടാക്കടം കൂടാതെ ആകെ 1174467/- രൂപ പിരിച്ചെടുക്കാനുണ്ട്. എന്നാൽ മാന്വലായി തയ്യാറാക്കിയ ഡിസിബി പ്രകാരം 500/- രൂപ മാത്രമേ കുടിശ്ശികയുള്ളൂ. ലൈസൻസ് ഫീസിന് ഒരു ഡിമാന്റ് രജിസ്റ്ററോ അരിയർ ഡിമാന്റ് രജിസ്റ്ററോ എഴുതി സൂക്ഷിക്കുന്നില്ല. ഇതിൽ എത്ര രൂപ നാളിതു വരെ പിരിച്ചെടുത്തിട്ടുണ്ടെന്നും ഈ ഇനത്തിൽ അരിയർ വരാനുണ്ടായ കാരണവും വ്യക്തമല്ല. ലൈസൻസ് ഫീസ് കണക്കിൽ കുടിശ്ശികയുള്ളതിനാൽ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നതായി അനുമാനിക്കാം. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18) മറുപടി ലഭിച്ചില്ല. സ്ഥാപനത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ ഡി & ഒ ലൈസൻസ് ഫീസിന് ഡിമാന്റ് , അരിയർ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി കണക്കുകൾ കൃത്യമാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-8 തനത് ഫണ്ട് പരിപാലനത്തിനായി 2 അക്കൗണ്ടുകൾ

1. തനതു ഫണ്ട് പരിപാലനത്തിന് 2 അക്കൗണ്ടുകൾ

   മാവേലിക്കര മുൻസിപ്പാലിറ്റിയുടെ തനത് ഫണ്ട് സൂക്ഷിപ്പിനായി ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്, മാവേലിക്കര ശാഖയിലും (അക്കൗണ്ട് നം.001935) എസ്.ബി.റ്റി, മാവേലിക്കരയിലുമായി (അക്കൗണ്ട് നം. 67182787841) ഒരേ സമയം 2 അക്കൗണ്ടുകൾ പരിപാലിച്ചുവരുന്നു. സർക്കുലർ നം.58725/എഫ്.എം.3/2008/ തസ്വഭവ/26.05.2011 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ തനത് ഫണ്ട് സൂക്ഷിപ്പിന് ഒറ്റ അക്കൗണ്ട് മാത്രം ഉപയോഗിക്കാൻ നിഷ്കർഷിക്കുന്നു. ജില്ലാ സഹകരണ ബാങ്കിൽ നിലവിലുള്ള അക്കൗണ്ടിൽ നിന്നും ചില ട്രാൻസാക്ഷന് കമ്മീഷൻ ഈടാക്കുന്നു. ഈ രണ്ട് അക്കൗണ്ടുകളും നേരത്തെതന്നെ നിലവിലുണ്ടായിരുന്നതായിട്ടും ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 38) ഡീമോണിട്ടറൈസേഷൻ മൂലമാണ് 2 അക്കൗണ്ടുകൾ പരിപാലിച്ചതെന്ന മറുപടി അംഗീകരിക്കാനാവില്ല. കമ്മീഷൻ ഈടാക്കാത്ത എസ്.ബി.റ്റി അക്കൗണ്ട് നില നിർത്തി സഹകരണ ബാങ്ക് അക്കൗണ്ട് ക്ളോസ് ചെയ്ത് തുക ട്രാൻസ്ഫർ ചെയ്ത് രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

2. പല തരം രസീതു ബുക്കുകൾ യഥേഷ്ടം അച്ചടിച്ച് ഉപയോഗിക്കുന്നു.

   നികുതി/ നികുതിയേതര/ മറ്റു ഫീസ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന പ്രധാന രസീതു ബുക്കുകൾ കൂടാതെ വെയ്സ്റ്റ് വാട്ടർ കളക്ഷൻ പിരിവിനും മാർക്കറ്റ് ഫീസ് പിരിവിനുമായി മുൻസിപ്പാലിറ്റി സ്വന്തമായി രസീതുബുക്കുകൾ അച്ചടിച്ച് ഉപയോഗിച്ച വരുന്നു. ഇത്തരം രസീതു ബുക്കുകൾ മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ

ചേർക്കാതെയാണ് ഉപയോഗിച്ചിട്ടുള്ളത്. യഥേഷ്ടം രസീതുബുക്കുകൾ അച്ചടിച്ച് ഉപയോഗിച്ചത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.38) നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല.

## 2-9 മൊബൈൽ ടവറിന് പെർമിറ്റ് ഫീസ് ഈടാക്കാതെ ക്രമവൽക്കരിച്ചു.

2015-16 ൽ റെഗുലറൈസ് ചെയ്തിട്ടുള്ള XIV/580A(480B) നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന റിലയൻസ് ഇൻഫോകോമിന്റെ മൊബൈൽ ടവറിൽ നിന്ന് പെർമിറ്റ് ഫീസ് ഈടാക്കിയില്ല. അനധികൃതനിർമ്മാണമായതിനാൽ ഈയിനത്തിൽ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 ചട്ടം 146(4) ൽ അനുശാസിക്കും വിധം പെർമിറ്റ് ഫീസിന്റെ ഇരട്ടി തുക (20000/-) ഈടാക്കിയില്ല. കേരള മുൻസിപ്പാലിറ്റി വസ്തു നികുതി ചട്ടങ്ങൾ 2011 പ്രകാരം ക്രമവൽക്കരണ വേളയിൽ (26.05.2015) വസ്തുനികുതിയും അതിന്റെ 2 ഇരട്ടി തുകയും(3664*3=10992/-) ക്രമവൽക്കരണ ഫീസായി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല. ക്രമവൽക്കരിക്കുന്നതിന് അംഗീകൃത പ്ലാൻ ഹാജരാക്കുകയോ അപേക്ഷ ഫീസ് ഒടുക്കുകയോ ചെയ്തിട്ടില്ല. ടി ടവറിൽ നിന്നും നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഉൾപ്പെടെ ഈടാക്കിയില്ല. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.44) മറുപടി ലഭിച്ചില്ല. നഷ്ടമായ തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-10 സർവീസ് സെസ്സ് ഈടാക്കിയില്ല

സ.ഉ.(അ) നം.17/2011, 18/2011 ത.സ്വ.ഭ.വ തീ.14.01.2011ന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി പരിഷ്കരണം നടത്തി അടിസ്ഥാന വസ്തുനികുതിയുടെ 10% സർവീസ് സെസ്സ് പിരിക്കാൻ 13.01.2012ലെ ആർ1-6293/10 പ്രകാരം കൗൺസിൽ തീരുമാനിച്ചെങ്കിലും എല്ലാ കെട്ടിടങ്ങളിൽ നിന്നും സെസ്സ് ഈടാക്കി തുടങ്ങിയിട്ടില്ല. ടി തീരുമാനപ്രകാരം 2012-13 മുതൽ മുൻ കാല പ്രാബല്യത്തോടെ സെസ്സ് പിരിക്കാൻ തീരുമാനിച്ചിട്ടുള്ളതെങ്കിലും പുതുതായി അസ്സസ്സ് ചെയ്യുന്ന കെട്ടിടങ്ങളിൽ നിന്നു മാത്രമാണ് നിലവിൽ സെസ്സ് ഈടാക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4) വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഡേറ്റ എൻട്രി പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ കെട്ടിടങ്ങളിൽ നിന്നും സർവീസ് സെസ്സ് ഈടാക്കുന്നതാണെന്ന് മറുപടി ലഭിച്ചു. ടി ഇനത്തിൽ മുൻസിപ്പാലിറ്റിക്ക് ലഭിക്കേണ്ട മുഴുവൻ തുകയും കാലഹരണപ്പെട്ടുപോകാതെ പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-11 അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 3 അനുശാസിക്കുന്നത് ആക്ടിലെ 235-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 233-ാം വകുപ്പ് പ്രകാരവും ഈ ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ് എന്നാണ്. ഈ വ്യസ്ഥകൾക്ക് വിധേയമായി പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കുലർ നം.49590/ആർ.സി.2/12.04.2011 പ്രകാരം അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 14.01.2011 മുതൽ വസ്തു നികുതി ചട്ടങ്ങൾ ബാധകമാക്കിയിട്ടുണ്ട് (13.01.2011 വരെ നികുതിയിൽ ഇളവ് അനുവദിച്ചിട്ടുണ്ട് ) . സർക്കാരിൽ നിന്നും ആനുകൂല്യങ്ങൾ ലഭിയ്ക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു മാത്രമേ ഇളവു നല്കിയിട്ടുള്ളൂ.

മാവേലിക്കര നഗരസഭയുടെ പരിധിയിലുള്ള അൺ-എയ്ഡഡ് സ്കൂളുകളാണ് ഇൻഫന്റ് ജീസസ് സ്കൂൾ -പുതിയകാവ്, സെന്റ് മേരീസ് കതീഡ്രൽ സ്കൂൾ-പുതിയകാവ് ,ലിറ്റിൽ കിംഗ്ഡം,വിദ്യാധിരാജ വിദ്യാപീഠം സീനിയർ സ്കെന്ററി സ്കൂൾ എന്നിവ . സർക്കുലർനം.49590/ആർ.സി.2/2011/ത.സ്വ.ഭ.വ/12.04.2012 പ്രകാരം 14.01.2011 മുതൽ ഈ അൺ-എയ്ഡഡ് സ്കൂൾ കെട്ടിടങ്ങൾക്ക് വസ്തു നികുതി ചട്ടങ്ങൾ ബാധകമാണ്. എന്നാൽ വസ്തു നികുതി പരിഷ്കരണം നഗരസഭയിൽ ഇതുവരേയും പൂർണ്ണതോതിൽ നടപ്പാക്കിയിട്ടില്ലാത്തതിനാൽ ലിറ്റിൽ കിംഗ്ഡം എന്ന സ്കൂൾ ഒഴികെ മറ്റു സ്കൂൾ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല .

അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ലാത്തതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/25.01.2017) നല്കിയ മറുപടി വിദ്യാധിരാജ വിദ്യാപീഠം സീനിയർ സ്കെന്ററി സ്കൂൾ റഗുലറൈസേഷൻ ഫീസ് ഒടുക്കി കെട്ടിടങ്ങൾ ക്രമവൽക്കരിച്ചിട്ടുണ്ടെന്നും കംപ്ലീഷൻ പ്ലാൻ ഹാജരാക്കുന്ന മുറയ്ക്ക് നികുതി ഈടാക്കുന്നതാണെന്നും ,ഇൻഫന്റ് ജീസസ് സ്കൂൾ -പുതിയകാവ്, സെന്റ് മേരീസ് കതീഡ്രൽ സ്കൂൾ-പുതിയകാവ് എന്നിവയുടെ നികുതി നിർണ്ണയ നടപടികൾ നടന്നു വരുന്നതേയുള്ളുവെന്നുമാണ്.

കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും വസ്തു നികുതി പരിഷ്കരണം ഊർജിതമാക്കുവാൻ നഗരസഭാ കൗൺസിൽ ശ്രമിക്കുന്നില്ല എന്നതിന് ഉത്തമ ഉദാഹരണമാണ് അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നല്കിയിരിക്കുന്ന ഇളവ് . ചട്ടത്തിലെ വ്യസ്ഥകൾ നടപ്പാക്കി അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കേണ്ടതാണ്.

## 2-12 തൊഴിൽ നികുതിയിൽ അനർഹമായ ഇളവ് നല്കിയിരിക്കുന്നു

മാവേലിക്കര നഗര സഭാ പരിധിയിലുള്ള 8 Kerala Bn NCC യൂണിറ്റിലെ ജീവനക്കാരുടെ 2015 ഏപ്രിൽ മുതൽ 2015 സെപ്റ്റംബർ വരെയുള്ള കാലയളവിലെ തൊഴിൽ നികുതി അടയ്ക്കുവാൻ 10.07.2015 ലെ ഫോം VI നോട്ടീസ് പ്രകാരം നികുതി ഡിമാന്റ് ചെയ്തതിന് അവർ വിമുക്ത ഭടന്മാർ എന്ന കാരണത്താൽ അവരെ തൊഴിൽ നികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് എന്ന് കമ്മാന്റിംഗ് ഓഫീസർ 13.08.2015 ലെ 501/6/Est മറുപടിയിൽ അറിയിച്ചിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നഗരസഭാ സെക്രട്ടറി 22.08.2015 ലെ R 2-6592/15നമ്പരായുള്ള സർട്ടിഫിക്കറ്റ് പ്രകാരം മുഴുവൻ ജീവനക്കാർക്കും തൊഴിൽ നികുതിയിൽ ഇളവ് അനുവദിച്ചു.

തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ 15.10.2010 ലെ 34134/എഫ്. എം/2007 കത്ത് പ്രകാരം വിമുക്ത ഭടന്മാർ ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ കേരള മുനിസിപ്പാലിറ്റി ആക്റ്റിലേയും ബന്ധപ്പെട്ട ചട്ടങ്ങളിലേയും വ്യവസ്ഥകൾ അനുസരിച്ച് അവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ് എന്ന് നിർദ്ദേശം നല്കിയിട്ടുണ്ട് . വിമുക്ത ഭടന്മാരെ തൊഴിൽ നികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കി ഉത്തരവുകളൊന്നും നിലവിലില്ലാത്ത സാഹചര്യത്തിൽ അവർക്ക് അനർഹമായ ഇളവ് നല്കിയിരിക്കുന്നത് 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി ) ചട്ടങ്ങൾക്കു വിരുദ്ധമാണ്.

മാവേലിക്കരയിൽ പ്രവർത്തിക്കുന്ന കേരള ബിവറേജസ് കോർപ്പറേഷന്റെ ഔട്ടലറ്റ് , വിവിധ സഹകരണ ബാങ്കുകൾ എന്നിവയിലെ ജീവനക്കരേയും തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല . ഇതു കൂടാതെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ നഗര സഭാ പരിധിയിലുള്ള സർക്കാർ ഓഫീസുകളിലേയും , പൊതു/ സ്വകാര്യ ബാങ്കുകളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി അടവു പോലും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ തൊഴിൽ നികുതി സംബന്ധിച്ച് കൃത്യമായ കണക്ക് നഗരസഭയിൽ ലഭ്യമല്ല. തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം. 20 / 25.01.2017 ന് മറുപടി നല്കിയിട്ടില്ല.

നടപടിക്രമങ്ങൾ ലഘുവായതിനാൽ നഗരസഭയ്ക്ക് ഏറ്റവും എളുപ്പമായി പിരിച്ചെടുക്കാവുന്ന തനതുവരവാണ് തൊഴിൽ നികുതി. അതിൽപ്പോലും നഗരസഭ അലംഭാവം കാണിക്കുന്നുവെന്നത് സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സ്ഥാപനത്തെ കൂടുതൽ അപകടത്തിലാക്കുന്ന നടപടിയാണ്. നഗരസഭ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്. ചട്ട പ്രകാരം നികുതി ഈടാക്കേണ്ട വ്യക്തികളിൽ നിന്നും/ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്.

## 2-13 വസ്തു നികുതി പരിഷ്കരണം നടപ്പാക്കിയിട്ടില്ലാത്തതിനാൽ വരുമാന നഷ്ടം

തദ്ദേശ സ്വയം ഭരണ(ആർ.ഡി) വകുപ്പിന്റെ 14.01.2011 ലെ സരക്കാർ ഉത്തരവ് (അച്ചടി)17/2011,18/2011 നമ്പരായുള്ള വിജ്ഞാപന പ്രകാരം വസ്തു നികുതി പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ബാധകമായ വസ്തു നികുതി മാവേലിക്കര നഗരസഭാ

കൗൺസിലിന്റെ 07.01.2012 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളത് പട്ടികയിൽ പറയും പ്രകാരമാണ് .

| ക്രമനം | കെട്ടിടങ്ങളുടേയും ഉപവിഭാഗങ്ങളുടേയും വിവരണം | ഒരു ച. മീറ്റർ തറ വിസ്തീർണ്ണത്തിന്റെ നിരക്ക് |
|---|---|---|
| 1 | 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്ററന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 70 |
| 2 | 100 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്ററന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 90 |
| 3 | 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് സ്റ്റാളുകൾ | 70 |
| 4 | 200 ച. മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് സ്റ്റാളുകൾ | 140 |
| 5 | ഓഡിറ്റോറിയം, കല്യാണമണ്ഡപം | 50 |

എന്നാൽ വസ്തു നികുതി പരിഷ്കരണം പൂർണ്ണമായി ഇതുവരേയും നടപ്പാക്കിയിട്ടില്ലാത്തതിനാലും വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കുന്നതിനാലും താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ വളരെ വലിയ വരുമാന നഷ്ടം നഗരസഭയ്ക്ക് സംഭവിക്കുന്നു.

| ക്രമനം | കെട്ടിട ഉടമയുടെ പേര് | കെട്ടിടത്തിന്റെ പേര് | വാർഡ് നമ്പർ/ കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) | ഈടാക്കുന്ന നികുതി |
|---|---|---|---|---|---|
| 1 | ജനാർദ്ദനൻ | അയ്യപ്പാസ് ടെക്സ്റ്റൈൽസ് | V/657 | 542 | 16769 |
| | | | V/667 | 505 | 7858 |
| 2 | എൻ.വിശ്വനാഥൻ പിള്ള | വന്ദനം ഹോട്ടൽ | V/555A | 1079.19 | 20235 |
| | | | V/555B | 587.3 | 18000 |
| 3 | മധുസൂധനക്കുറുപ്പ് | രാംകോ ഹൈപ്പർമാർക്കറ്റ് | ഒന്നാം നില | 262.23 | ആകെ 29063/- രൂപയായി നിർണ്ണയിച്ചിരിക്കുന്നു |
| | | | രണ്ടാം നില | 306.51 | |
| | | | മൂന്നാം നില | 306.51 | |
| | | | സ്റ്റെയർ ക്യാബിൻ | 18.83 | |
| 4 | പ്രസിഡന്റ്, | സഹകരണ ബാങ്ക് | X/317A | 1077.05 | 15000 |

| | | | | | |
|---|---|---|---|---|---|
| | താലൂക്ക് സഹകരണ ബാങ്ക്, മാവേലിക്കര | ഓഡിറ്റോറിയം | | | |

നഗരസഭാ പരിധിയിലെ ഏറ്റവും വലിയ ഫ്ലാറ്റ് സമുച്ചയമായ ബിസിനസ് ഇന്ത്യാ പാലസിലെ 33 ഫ്ലാറ്റുകളുടെ നികുതി നിർണ്ണയിച്ചത് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. ഓരോ ഫ്ലാറ്റും 100 ച.മീറ്ററോ അതിനു മുകളിലോ വിസ്തീർണ്ണമുള്ളവയാണ്. എന്നാൽ ഈ കെട്ടിടത്തിന്റെയും വസ്തു നികുതി പുനർ നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ വളരെ തുച്ഛമായ തുകയാണ് നഗരസഭയ്ക്ക് ഇതിൽ നിന്നും ലഭിക്കുന്നത്.

വസ്തു നികുതി ഈടാക്കുന്നതിലെ അപാകം ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 28/25.01.2017) മറുപടിയിൽ വസ്തു നികുതി പരിഷ്കരണത്തിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതായി അറിയിച്ചു. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയും വരവു ചെലവുകൾക്കായി വസ്തു നികുതിയെ മാത്രം ആശ്രയിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്

## 2-14 വിവിധ പദ്ധതികളുടെ നടത്തിപ്പിനായി സർക്കാരിൽ നിന്ന് ലഭിച്ച തുകകൾ ചെലവഴിക്കപ്പെടാതെ നിക്ഷേപമായി തുടരുന്നു

നഗര സഭയിൽ മുൻവർഷങ്ങളിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് കേന്ദ്ര/ സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിച്ച ഫണ്ടുകൾ ചെലവഴിക്കപ്പെടാതെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപമായി തുടരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കോട്ടത്തോട് നിർമ്മാണം ഫയലിൽ ഒതുങ്ങുന്നു-

   കോട്ടത്തോടിന്റെ മലിനീകരണ നിയന്ത്രണത്തിന്റെ ഭാഗമായി 40 m നീളത്തിൽ വശങ്ങൾ കോൺക്രീറ്റ് ഭിത്തി നിർമ്മിച്ച് കോട്ടത്തോടിന്റെ 500 m ക്ലീനിംഗും പ്രൈവറ്റ് ബസ് സ്റ്റാൻറ് ഭാഗത്ത് കവറിംഗ് സ്ലാബ് ഇട്ട് പാർക്കിംഗ് ഏരിയ ആക്കുന്നതിന് എസ്റ്റിമറ്റ് തയാറാക്കി ജില്ലാ പഞ്ചായത്തിൽ നിന്ന് സാങ്കേതികാനുമതി വാങ്ങിയിരുന്നു. 3000000/- രൂപയുടെ ടി എസ്റ്റിമേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന് നൽകുകയും അതനുസരിച്ച് അനുവദിക്കപ്പെട്ട 30 ലക്ഷം രൂപ (ചെക്ക് നം. 912706/ 31.3.14) PNB (അക്കൗണ്ട് നം. 4314000100067622) ൽ നിക്ഷേപിച്ചിരുന്നു. ടി തുകയ്ക്ക് ലഭിച്ച പലിശ ഒഴികെയുള്ള തുക പിന്നീട് IDBI ബാങ്ക് അക്കൗണ്ട് നം. 9935 ൽ നിക്ഷേപിച്ചിരുന്നു. പലിശയായി ലഭിച്ച 56147/- (7.1.2017ൽ) ഇപ്പോഴും പി.എൻ.ബി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

   അംഗീകരിച്ച എസ്റ്റ്മേറ്റ് പ്രകാരം കോട്ടത്തോടിന്റെ നഗര മദ്ധ്യത്തിൽ കൂടി കടന്ന് പോകുന്ന 500 m ഭാഗം കാട് വെട്ടിത്തെളിച്ച് മാലിന്യങ്ങൾ വറ്റിക്കുന്ന പ്രവർത്തിക്ക് 475234/- രൂപയും പ്രൈവറ്റ് സ്റ്റാൻഡിന്റെ മുൻഭാഗത്തുള്ള 40 m ഭാഗം സൈഡ് വാൾ നിർമ്മിച്ച് സ്ലാബിട്ട് പാർക്കിംഗ് ഏരിയ ആക്കുന്നതിന് 2447192/- രൂപയും സ്ലാബ് ഇടുന്ന ഭാഗത്ത് സൈഡ് ഫില്ലിംഗ് നടത്തി കോൺക്രീറ്റ് സ്ഥാപിച്ച് ഗതാഗതം സുഗമമാക്കുന്നതിന് 77574/- രൂപയുമാണ് ചെലവഴിക്കേണ്ടത്. കോട്ടത്തോടിന്റെ ശുചീകരണത്തിന് വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക മറ്റ് ആവശ്യങ്ങൾക്കാണ് വകയിരുത്തിയത് എന്ന് വ്യക്തമാണ്.

   കോട്ടത്തോടിന്റെ മുകളിൽ സ്ലാബ് ഇട്ട് മൂടുന്നതു വഴി മാലിന്യങ്ങൾ തോടിനുള്ളിൽ കെട്ടിക്കിടന്ന് കൂടുതൽ മലിനമാകാൻ സാദ്ധ്യതയുണ്ട്. മാത്രമല്ല കോട്ടത്തോടിൽ നിന്നുള്ള മാലിന്യം വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസിന് സമീപത്തേക്കാണ് ഒഴുകിയെത്തുന്നത്. ഇത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ജനങ്ങളുടെ ആരോഗ്യകരമായ ജീവിതത്തിന് പ്രാധാന്യം നൽകി നടപ്പാക്കേണ്ട ഈ പദ്ധതി വേണ്ടത്ര ആലോചന കൂടാതെയാണ് തയ്യാറാക്കിയത് എന്ന് വ്യക്തമാകുന്നു. മാത്രമല്ല, ഈ പദ്ധതിക്ക് പരിസ്ഥിതി ആഘാതപഠനം നടത്തിയതായി കാണുന്നില്ല. പരിസ്ഥിതി വകുപ്പിൽ നിന്നുള്ള അനുമതിയും വാങ്ങിയിരുന്നില്ല. 30.8.2014 ന് മുൻപ് ചെലവഴിക്കേണ്ടിയിരുന്ന ഈ തുക നാളിതു വരെ ചെലവഴിച്ചിട്ടില്ലാത്തതിനാൽ പലിശ സഹിതം തിരികെ അടയ്ക്കേണ്ടതാണെന്ന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ 22.9.14 ലെ കത്ത് നം. പിസിബി/ എഎസ്ഐ

26/2012 പ്രകാരം നഗരസഭാ സെക്രട്ടറിയെ അറിയിച്ചിരുന്നു. ഇപ്രകാരം, നഗരസഭയിൽ ഉണ്ടായേക്കാവുന്ന വൻ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരമാകുമായിരുന്ന ഈ പദ്ധതി ഏകദേശം നിലച്ച മട്ടാണ്. പദ്ധതിയിൽ വേണ്ടത്ര മാറ്റങ്ങൾ വരുത്തി ശുചീകരണ പ്രവർത്തനം നടപ്പാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. കോട്ടത്തോട് ശുചീകരണാവശ്യത്തിനായി ലഭിച്ചിട്ടുള്ള മുഴുവൻ തുകയും (പലിശ ഉൾപ്പടെ) ഒറ്റ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

2. ആധുനിക അറവ് ശാല നിർമ്മാണം ആരംഭിച്ചില്ല-

നഗര സഭയുടെ നിലവിലുള്ളസ്ലോട്ടർ ഹൗസ് നവീകരിക്കുന്നതിനായി 6230000/- രൂപയുടെ അടങ്കലുള്ള പദ്ധതി തയ്യാറാക്കി ശുചിത്വ മിഷന് നൽകിയിരുന്നു. ഇതനുസരിച്ച് 3.9.2015ലെ 996/സി2/2010/ എസ് എം (I) പ്രകാരം 60 ലക്ഷം രൂപയ്ക്കുള്ള അടങ്കൽ തുകയ്ക്ക് സാങ്കേതികാനുമതി അനുവദിച്ച് ശുചിത്വ മിഷനിൽ നിന്ന് അനുവദിച്ച 1420000/- രൂപ പി. എൻ. ബി. അക്കൗണ്ട് നം. 01-53595 ൽ 13.01.2011 ൽ നിക്ഷേപിക്കുകയും പലിശ സഹിതം അക്കൗണ്ടിൽ 1730617/- രൂപ അവശേഷിക്കുകയും ചെയ്യുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഹാജരാക്കിയ മറുപടിയിൽ 2015-16 വർഷം സ്ലോട്ടർ ഹൗസ് നിർമ്മാണത്തിനായി പദ്ധതി രൂപീകരിച്ചിരിന്നുവെങ്കിലും ശുചിത്വ മിഷനിൽ നിന്ന് വ്യക്തമായ നിർദ്ദേശങ്ങൾ ലഭിക്കാതിരുന്നിനാലാണ് നിർമ്മാണം ആരംഭിക്കാതിരുന്നത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പരിസ്ഥിതിക്ക് ആഘാതമേൽക്കാത്ത തരത്തിലുള്ള ആധുനിക അറവ് ശാലകൾ നിർമ്മിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-15 വാടകക്കുടിശ്ശിക ഈടാക്കാതെ തുടരുന്നു.

2015 -16 വർഷത്തെ വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ കടമുറികൾ വാടകയ്ക്കെടുത്ത താഴെപ്പറയുന്ന വ്യക്തികൾ വാടകക്കുടിശ്ശിക നാളിതുവരെ ഒടുക്കിയിട്ടില്ല .

| ക്രമ നം: | റൂം / സ്റ്റാൾ നമ്പർ | വാടകക്കാരന്റെ പേരും മേൽവിലാസവും | കുടിശ്ശിക കാലയളവ് | പ്രതിമാസ വാടക | ആകെ കുടിശ്ശിക |
|---|---|---|---|---|---|
| | പുന്നമൂട് ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 1 | മുകളിലത്തെ നില | ഗോപാലകൃഷ്ണൻ സ്റ്റൈലൈൻ തെക്കേക്കര.പി.ഒ. മാവേലിക്കര | 04/15 – 03/16 | 3050 | 3050*12=36600 |
| | പുന്നമൂട് ഷോപ്പിംഗ് കോംപ്ളക്സ് (പുതിയത്) | | | | |
| 2 | 17/159(31), 17/159(32) | ഷിബു പ്ലാവേലിൽ കിഴക്കേതിൽ മാവേലിക്കര | 04/15 – 01/16 | 1600 1600 | 1600*10 =1600<br>1600*10=1600 |
| | വെജിറ്റബിൾസ് & ഫ്രൂട്ട് സ്റ്റാൾ, പുതിയകാവ് | | | | |

| | | | | | |
|---|---|---|---|---|---|
| 3 | സ്റ്റാൾ നം. 3,4 | ഉദയഭാനു ദേവകിനിവാസ് പോനകം | 01/16-03/16 | 1000 1000 | 1000*3=3000<br>1000*3=3000 |
| 4 | സ്റ്റാൾ നം. 5,6 | അബ്ദുൾറഹിം വലിയവീട്ടിൽ ചെരാവള്ളി | 02/16 – 03/16 | 1000 1000 | 1000*2=2000<br>1000*2=2000 |
| 5 | സ്റ്റാൾ നം 7&8 | പൊന്നമ്മ പറയന്റെ വടക്കതിൽ തഴക്കര | 04/15 – 03/16 | 1000 1000 | 1000*12=12000<br>1000*12=12000 |
| | മിച്ചൽ ജംഗ്ഷൻ തെക്ക് ഷോപ്പിംഗ് കോംപ്ളക്സ് | | | | |
| 6 | 2 | കെ.തങ്കച്ചൻ | 4/15-3/16 | 1680 | 1680*12=20160 |
| 7 | 3 | മുഹമ്മദ് അസ്ലാം | 4/15-3/16 പഴയനിരക്കിൽ (1576/- രൂപ) 4 മാസത്തെ വാടക അടച്ചിട്ടുണ്ട്. | 1891 | 1891*12-1576*4=16388 |
| 8 | 5 | യു.ബാബു | 4/15-3/16 | 3356 | 3356*12=40272 |
| 9 | 7 | പി.ജി. ജോൺകുട്ടി | 4/15-3/16 | 2245 | 2245*12=26940 |
| | മിച്ചൽ ജംഗ്ഷൻ വടക്ക് ഷോപ്പിംഗ് കോംപ്ളക്സ് | | | | |
| 10 | 1 | ജോർജ്ജ് അലക്സാണ്ടർ | 4/15-3/16 | 2872 | 2872*12=34464 |
| 11 | 3 | കെ.സി.മുഹമ്മദ് കുഞ്ഞ് | 4/15-3/16 | 5617 | 5617*12=67404 |
| 12 | 5 | ഫിലിപ്പ് വർഗ്ഗീസ് | 4/15-3/16 | 2768 | 2768*12=33216 |
| 13 | 9 | അബ്ദുൾ അസീസ് | 4/15-3/16 | 3001 | 3001*12=36012 |
| 14 | 10 | മുഹമ്മദ് കുഞ്ഞ് കെ.എൻ. | 4/15-3/16 | 5049 | 5049*12=60588 |

| | | | | | |
|---|---|---|---|---|---|
| 15 | 11 | കെ.എൻ.അജയൻ | 4/15-3/16 | 918 | 918*12=11016 |
| ആകെ | | | | | 449060 |

വാടകക്കുടിശ്ശിക ഈടാക്കിയതിന്റെ / ഈടാക്കാൻ സ്വീകരിച്ച നടപടിയുടെ രേഖകൾ ഹാജരാക്കുന്നതിന് നിർദ്ദേശിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല . ഈ സാഹചര്യത്തിൽ വാടകയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന 449060/- രൂപ പലിശ സഹിതം ഈടാക്കിയില്ലെങ്കിൽ ആയത് സെക്ഷൻ ക്ലർക്ക്, സൂപ്രണ്ട്, സെക്രട്ടറി എന്നിവരുടെ ബാധ്യതയായി നിശ്ചയിക്കുമെന്ന് അറിയിക്കുന്നു.

## 2-16 പരസ്യനികുതിവരുമാനം വളരെ കുറവ് - പിരിച്ചുടുക്കേണ്ട തുക ഈടാക്കിയിട്ടുമില്ല.

പരസ്യനികുതിയിനത്തിൽ 2015-16 ൽ 124261 രൂപ മാത്രമാണ് വരവ്. സിനിമാതീയറ്ററുകളുടെ പരസ്യനികുതി മുൻ വർഷത്തെക്കാൾ നിശ്ചിതശതമാനം കൂടുതൽ തുക നിശ്ചയിച്ച് തീയറ്ററുകൾക്ക് ഡിമാന്റ് നല്കുകയും അവർ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. നഗരസഭാപരിധിയിൽ പ്രദർശിപ്പിക്കുന്ന മറ്റ് പരസ്യങ്ങളുടെ നികുതി പിരിക്കുന്നതിനുള്ള 2015-16 ലെ അവകാശം, ലേലം കൊള്ളാൻ ആരും തയ്യാറാകാത്തതിനെത്തുടർന്ന് നിത്യാനന്ദ്, ചെങ്കിലത്ത് മഠം, കണ്ടിയൂർ, മാവേലിക്കര എന്ന വ്യക്തി നല്കിയ 72000/- രൂപയുടെ ഓഫർ അംഗീകരിച്ചു നല്കിയിരുന്നു. ഈയിനത്തിൽ, ടിയാൻ 54000/- രൂപ മാത്രമാണ് നഗരസഭയിൽ ഒടുക്കിയത്. ടിയാൻ ഒടുക്കാൻ അവശേഷിക്കുന്ന 18000/- രൂപ ഈടാക്കുവാൻ സ്വീകരിച്ച നടപടി വിവരങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതിനും ഈ വിഷയത്തിൽ നഗരസഭയുമായി ടിയാൻ ഏർപ്പെട്ട കരാർ, ടിയാൻ നഗരസഭയിൽ കെട്ടിവെച്ച കരുതൽ നിക്ഷേപത്തിന്റെ രേഖകൾ എന്നിവ ഹാജരാക്കുന്നതിനും നിർദ്ദേശിച്ചിരുന്നെങ്കിലും (ഓഡിറ്റ് അന്വേഷണം നം: 30, തീയതി: 27.01.2017) മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. ഈ സാഹചര്യത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന 18000/- രൂപ നഗരസഭാ സെക്രട്ടറി, സെക്ഷൻ ക്ലർക്ക് എന്നിവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-17 തനത് വരവ് :4.7കോടി കുടിശിക,ബാധ്യതകൾകോടികളായി പെരുകുന്നു

തനത് വരവ് പിരിച്ചെടുക്കുന്നതിൽ നഗരസഭക്ക് ഗുരുതര വീഴ്ച. 2015-16 ബാലൻസ് ഷീറ്റ് അനുസരിച്ച് വിവിധ തനത് വരവിനങ്ങളിലെ കുടിശിക 46717064/- രൂപയാണ്. കുടിശ്ശിക 5 കോടിക്ക് അടുത്തെത്തിയിട്ടും കുടിശികനിവാരണത്തിന് നഗരസഭക്ക് സമയബന്ധിത നടപടികളില്ല.

തനത് വരവിനങ്ങളിലെ കുടിശ്ശികക്കൊപ്പം കൊടുത്തു തീർക്കുവാനുള്ള ബാധ്യതകളും കോടികളായി പെരുകുകയാണ്. 2015-16 ലെ ബാലൻസ് ഷീറ്റ് അനുസരിച്ച് തീർക്കുവാനുള്ള ബാധ്യതകൾ 21749578/- രൂപയാണ്.

വരവിലെ കുടിശ്ശികയും ബാധ്യതകളും കോടികളായി നഗരസഭയെ ശ്വാസംമുട്ടിക്കുന്നതിനൊപ്പം തനത് വരവിനങ്ങളിലെ ലക്ഷങ്ങളുടെ ചോർച്ചയും നഗരസഭക്ക് തടയാൻ ആയിട്ടില്ല. ഈ വസ്തുതകൾ നഗരസഭയുടെ ധനമാനേജ്മെന്റ് പാളം തെറ്റിയിരിക്കുന്നു എന്നത് തെളിയിക്കുന്നു.

തനത് വരവിനങ്ങളിലെ 4.7 കോടി കുടിശ്ശികയിൽ താഴെ പറയുന്ന പ്രധാന നികുതി നികുതിയേതര ഇനങ്ങൾ ഉൾപ്പെടുന്നു.

| തനത് വരവിനം | കുടിശിക |
|---|---|

| | |
|---|---|
| കെട്ടിട നികുതി (മുൻവർഷങ്ങളിലേയും തൻവർഷത്തേയും) | 2019616 |
| തൊഴിൽ നികുതി | 9573258 |
| ഡി & ഒ ലൈസൻസ് ഫീ | 1159838 |

ഡി & ഒ ലൈസൻസ് ഫീസിൽ കുടിശിക പാടില്ലാത്തതാണ്. മുൻസിപ്പൽ നിയമ പ്രകാരം മുൻകൂറായി ഈടാക്കേണ്ടതാണ് അത്. അതിൽ 11.6 ലക്ഷം കുടിശകയാണെന്നത് തനത് വരവിനങ്ങളുടെ പിരിവ് ഒട്ടും കാര്യക്ഷമമല്ലെന്നതിന്റെ കരുത്തുറ്റ തെളിവാണ്.

തനത് വരവിനങ്ങൾ കൃത്യമായി ചുമത്തി ഈടാക്കുന്നതിലും കുറ്റകരമായ ഉദാസീനതയുണ്ട്. ഇതിനാൽ ലക്ഷങ്ങളുടെ വരവാണ് ചോരുന്നത്. 97ലെ ബൈലോ ആണ് പ്രധാന തനത് വരവിൽ ഒന്നായ ഡി&ഒ ലൈസൻസ് ഫീ പിരിക്കാൻ ഉപയോഗിക്കുന്നത്. 20 വർഷത്തിനിടയിൽ നഗരത്തിലെ വ്യപാര രംഗത്ത് ഉണ്ടായ വലിയ മാറ്റങ്ങളോട് പ്രതികരിക്കാൻ ഈ ബൈലോ അശക്തമാണ്. ഇതിനാൽ ലക്ഷങ്ങളാണ് ഫീസിനത്തിൽ ചോരുന്നത്. കാലഹരണപെട്ട ബൈലോയിലൂടെ ലക്ഷങ്ങൾ ചോർന്നിട്ടും ബൈലോ കാലികമാക്കാൻ നടപടിയില്ല (തനത് വരവിലെ ചോർച്ചയുടെ ഗൌരവം വ്യക്തമാകുവാൻ ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ മറ്റു ഖണ്ഡികകൾ കാണുക.).

കൊടുത്തു തീർക്കുവാനുള്ള 2.2 കോടി ബാധ്യതയിൽ താഴെപറയുന്നവയാണ് ഏറ്റവും വലിയ ബാധ്യതകൾ.

| ബാധ്യത ഇനം | തുക |
|---|---|
| ലൈബ്രറി സെസ് | 2533163 |
| പ്രൊവിഡന്റ് ഫണ്ട് വിഹിതം | 1416190 |
| പെൻഷൻ കോൺട്രിബ്യൂഷൻ | 3373656 |

മുകളിലെ വസ്തുതകൾ നഗരസഭയുടെ ധനമാനേജ്മെന്റ് ഗുരുതര പ്രതിസന്ധിയിലാണെന്ന് വ്യക്തമാക്കുന്നു. അതിനാൽ പ്രത്യേക കൌൺസിൽ യോഗം ഈ വിഷയം ചർച്ച ചെയ്യേണ്ടതും ഫലദായകമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-18 വിനോദനികുതി: പിരിവും പരിശോധനയും കാര്യക്ഷമമല്ല; ലക്ഷങ്ങൾ ചോരുന്നു

പിരിവും തീയറ്റർ പരിശോധനയും കാര്യക്ഷമമല്ലാത്തതിനാൽ വിനോദനികുതിയിൽ നഗരസഭക്ക് ലക്ഷങ്ങളുടെ വരുമാനചോർച്ച.

നാല് റിലീസിംഗ് തീയറ്ററുകൾ ഉണ്ടായിട്ടും 2015-16 വാർഷിക കണക്ക് അനുസരിച്ച് വിനോദനികുതി വരവ് 39.6ലക്ഷമാണ്. ജില്ലയിലെ മറ്റ് നഗരസഭകളുമായുള്ള താരതമ്യപഠനവും ഇതിന്റെ മൂന്നിരട്ടിയിലധികം വരവിന് സാധ്യതയുണ്ടെന്ന് വ്യക്തമാക്കുന്നു.

മാവേലിക്കര നഗരസഭയുമായി വിഷയസമാനതയുള്ള ജില്ലയിലെ നഗരസഭകളാണ് ചേർത്തല, ആലപ്പുഴ. ഈ നഗരസഭകളിലെ വിനോദനികുതി പിരിവ് വിവരം താഴെ ചേർക്കുന്നു.

| നഗരസഭ | തീയറ്ററുകളുടെ എണ്ണം | 2015-16വാർഷിക കണക്ക് പ്രകാരം വിനോദനികുതി വരവ് |
|---|---|---|
| ചേർത്തല | 2 | 56,53,939 |

| | | |
|---|---|---|
| ആലപ്പുഴ | 7 | 1,14,07,996 |

ഓഡിറ്റ് നിഗമനങ്ങൾ ശരിവെക്കുന്നതാണ് പുലിമുരുകൻ എന്ന സിനിമയുടെ പ്രദർശനകാലത്ത് നഗരസഭ പ്രതിഭ തീയറ്ററിൽ നടത്തിയ പരിശോധന. ഈ ഒരു പരിശോധനയിൽ തന്നെ 17 ഷോകളിൽ 182633/- രൂപയുടെ നികുതി വെട്ടിപ്പ് പിടികൂടാൻ കഴിഞ്ഞു.
വിനോദനികുതിയിലെ ലക്ഷങ്ങളുടെ വരവ് ചോർച്ച തടയാൻ കഴിഞ്ഞാൽ നഗരസഭയുടെ അതിഗുരുതരമായ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുവാൻ കഴിയും. ഓഡിറ്റ് വ്യക്തമാക്കിയ വരുമാനചോർച്ചയുടെ ഗൗരവം ഉൾകൊണ്ട് അത് തടയാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയും, നഗരസഭാകൗൺസിലും, ഭരണ വകുപ്പും ജാഗ്രതാനടപടികൾ സ്വീകരിക്കേണ്ടതാണ്.

വിനോദനികുതിയുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നില്ല. ഇതിനാൽ വരവിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല. സെക്ഷൻ പൂർണമായി കമ്പ്യൂട്ടർവത്കരിക്കുന്നത് പരിഗണിക്കേണ്ടതാണ്.

## 2-19 നിരവധി ബാങ്ക് അക്കൗണ്ടുകളിൽ തുക നിക്ഷേപിക്കുന്നു

2015-16 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളിൽ നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു. ഇവ ഏതൊക്കെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു എന്ന് വ്യക്തമാക്കിയാലും.

| ഇനം | അക്കൗണ്ട് നം. | നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|---|
| SBT Beneficiary contribution | 57040338314 | 1040403/- (25.12.16 ലെ നീക്കിയിരിപ്പ്) | 2012-13 വർഷം നടപ്പാക്കിയ ബയോഗ്യാസ് പ്ലാന്റ് പ്രോജക്ട് പ്രകാരം പിരിച്ച ഗുണഭോക്തൃ വിഹിതം.<br>ടി തുക ശുചിത്വ മിഷൻ ഫണ്ടിലേക്ക് തിരികെ അടയ്ക്കാനുള്ളതാണ്. |
| SSA | 67012303743 | 796597/- (25.12.2016 ലെ നീക്കിയിരിപ്പ്) | 6.2.2013 ൽ മാവേലിക്കര ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ലഭിച്ച തുക |
| SBT | 57040315636 | 902924/- | മൃഗാശുപത്രിയുടെ മെയിന്റനൻസിന് ലഭിച്ച തുക |

| | | | |
|---|---|---|---|
| | | (25.12.16 ലെ നീക്കിയിരിപ്പ് ) | |
| PNB clean kerala | 4314001100000037 | 1551840/- (5.1.2017 ലെ നീക്കിയിരിപ്പ് ) | സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോഗ്രാമിനായി ലഭിച്ച തുക. പദ്ധതി നാളിതുവരെ ഫലപ്രദമായി നടപ്പാക്കിയിട്ടില്ല. |
| IDBI solid waste receipt | 1432040000178 | 803603/- (10.1.07 ലെ നീക്കിയിരിപ്പ് ) | ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഈടാക്കുന്ന ഫീസ് നിക്ഷേപിച്ചിരിക്കുന്നു. .<br>ടി തുക തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്. |
| Syndicate bank census Account | 41072200015360 | 1608/- (31.3.2016 ലെ നീക്കിയിരിപ്പ് ) | സെൻസസ് പ്രവർത്തനങ്ങൾക്കായി ലഭിച്ച തുക |
| SBT Biodiversity | 67324303262 | 15262/- (25.12.16 ലെ നീക്കിയിരിപ്പ് ) | ജൈവവൈവിധ്യ കൂട്ടായ്മ ഉണ്ടാകുന്നതിന് ലഭിച്ച തുക |

മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ എന്ത് ആവശ്യത്തിന് ലഭിച്ചു എന്ന് പരിശോധിച്ച് പ്രസ്തുത ആവശ്യങ്ങൾക്കായി ചെലവഴിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക സ്ഥാപനത്തിൽ നിന്നാണ് ലഭിച്ചത് എന്ന് പരിശോധിച്ച് അതേ സ്ഥാപനത്തിലേക്ക് തിരികെ അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-20 ദുരിതാശ്വാസ നിധി ചെലവഴിച്ചില്ല

2003 ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾപ്രകാരം മഴ, വെള്ളപ്പൊക്കം മുതലായ പ്രകൃതി ക്ഷോഭങ്ങളിൽ നിന്ന് ദുരിതമനുഭവിക്കുന്നവർക്കും മാരകമായ രോഗങ്ങൾക്ക് അടിമപ്പെട്ടവരെയും അപകടത്തിൽ പെട്ടവരെയും സഹായിക്കുന്നതിന് ചെയർമാന്റെ പേരിൽ ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. നഗര സഭയിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ച് 2013 വർഷം നടന്ന മാവേലിക്കര ഫെസ്റ്റിന്റെ സ്വാഗത സംഘത്തിന്റെ അക്കൗണ്ടിലുണ്ടായിരുന്ന 357761/- രൂപയും പലിശയും ചെയർമാൻ നിക്ഷേപിച്ച 1000/- രൂപയും ഉൾപ്പടെ 379907/- രൂപ ഇതിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപമായുണ്ട്. 84 ഗുണഭോക്താക്കൾ ആനുകൂല്യങ്ങൾക്കായി അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും ഇവർക്ക് ആനുകൂല്യങ്ങളൊന്നും നൽകിയിട്ടില്ല. ടി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് ദുരിതാശ്വാസ നിധി സജീവമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രായ പരിധി കഴിഞ്ഞവർക്ക് തൊഴിൽ രഹിത വേതന വിതരണം ചെയ്തു

1998 -ലെ കേരള തൊഴിൽ രഹിത വേതന ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം വേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്ന ഒരാൾക്ക് 35 വയസ്സ് പൂർത്തിയായാൽ വേതനം നല്കുന്നത് നിർത്തി വയ്ക്കേണ്ടതും വിവരം എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. എന്നാൽ ചുവടെ പേരു ചേർത്തിട്ടുള്ള പ്രായപരിധി കഴിഞ്ഞ ഗുണഭോക്താക്കൾക്ക് 35 വയസ്സിന് ശേഷവും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. (ബിൽ നം. 1/21.08.15 – 1,33,080/- രൂപ പ്രകാരം പിൻവലിച്ചത്)

| ഗുണഭോക്താവിന്റെ പേര് | റോൾ നം | വേതനം അവസാനമായി അനുവദിക്കാവുന്ന കാലയളവ് | അധികമായി നല്കിയ തുക | കാലയളവ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| കെ.സജി, സജി ഭവനം | 378 | 5/2013 | 1080 | 6/13 മുതൽ 2/14 വരെ |
| അജിത് കുമാർ .സി , പാറ്റൂർ തെക്കേതിൽ | 337 | 5/2013 | 960 | 6/13 മുതൽ 1/14 വരെ |
| ഗിരിജ ,കൊല്ലം പറമ്പിൽ | 617 | 5/2013 | 960 | 6/13 മുതൽ 1/14 വരെ |
| | | ആകെ | 3000/- | |

അധികമായി അനുവദിച്ച തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.29 / 27.01.2017 നുള്ള മറുപടിയിൽ 16.06.15, 17.11.15 എന്നീ തീയതികളിൽ അധികമായി കൈപ്പറ്റിയ തുക തിരികെയടയ്ക്കുവാൻ ഗുണഭോക്താക്കൾക്ക് കത്തയച്ചുവെങ്കിലും അവർ തുക തിരികെയടക്കാത്ത സാഹചര്യത്തിൽ അവർക്കെതിരെ റിക്കവറി നടപടികൾ ആരംഭിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

വേതന വിതരണമിനത്തിൽ സർക്കാർ ഫണ്ടിനു നഷ്ടമായ 3000/- രൂപ അക്കാലയളവിലെ സെക്ഷൻ ക്ലർക്ക്, മേൽനോട്ട ചുമതലയുള്ള ആർ.ഐ, സെക്രട്ടറി എന്നിവരുടെ തുല്യ ബാദ്ധ്യതയായി നിർണ്ണയിക്കുന്നു. തുക തിരികെയടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 പെൻഷൻ കോൺട്രിബ്യൂഷൻ-തനതു ഫണ്ടിന് അധിക ബാദ്ധ്യത

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് -കം -റിട്ടയർമെന്റ് ബെനിഫിറ്റ് )ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം രൂപീകൃതമായ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് നഗരസഭയിലെ ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെ 15% വീതം പ്രതിമാസം ഒടുക്കു വരുത്തുന്നു. മേൽ ചട്ടത്തിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യം നല്കുന്നതിനു വേണ്ടി സെക്രട്ടറി ട്രഷറിയിലോ, ദേശസാല്കൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നുള്ള തുക ഈ അക്കൗണ്ടിൽ വരവ് വയ്ക്കേണ്ടതും ഇത് പെൻഷൻ വിതരണത്തിനല്ലാതെ മറ്റൊരു ആവശ്യത്തിനും ഉപയോഗിക്കുവാൻ പാടില്ലാത്തതുമാണ്. എന്നാൽ മാവേലിക്കര നഗരസഭ ഇപ്രകാരമുള്ള ഫണ്ട് രൂപീകരിച്ച് പെൻഷൻ വിതരണം അത് മുഖേനയാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് നഗരസഭയുടെ തനതു ഫണ്ട് അക്കൗണ്ടുള്ള ജില്ലാ സഹകരണ ബാങ്കിന്റെ മാവേലിക്കര ശാഖയിലെ അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത് .

നഗരസഭയിൽ നിന്നും വിരമിച്ച 35 പേർക്കും മറ്റു നഗരസഭകളിൽ നിന്നും മാവേലിക്കര നഗരസഭയിലേക്ക് ഓപ്ഷൻ നല്കിയ 12 പേരും ഉൾപ്പടെ 47പേർ ഇവിടെ നിന്നും പെൻഷൻ കൈപ്പറ്റുന്നു. പെൻഷൻ വിതരണം കൃത്യവും കാര്യക്ഷമവുമല്ലാത്തതിനാൽ 5 കണ്ടിജന്റ് ജീവനക്കാർ നല്കിയ കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണയിലാണ്.

2015-16 ൽ അലോട്ട്മെന്റ് ലഭിച്ചിട്ടില്ലാത്തതിനാൽ തനതു ഫണ്ട് വിനിയോഗിച്ചാണ് നഗരസഭയിലെ പെൻഷണർമാർക്ക് പെൻഷനും അനുബന്ധമായ ആനുകൂല്യങ്ങളും അനുവദിച്ചത്. 2016 ഡിസംബർ മാസം വരെയുള്ള കണക്കനുസരിച്ച് 4,67,83,279/-രൂപയാണ് തനതുഫണ്ടിൽ നിന്നും പെൻഷൻ വിതരണത്തിനായി ചെലവഴിച്ചിട്ടുള്ളത്. പെൻഷൻ വിതരണത്തിന് തനതു ഫണ്ട് വിനിയോഗിച്ചു എന്ന കാരണത്താൽ 2013-14, 2014-15 വർഷങ്ങളിലായി ലഭിച്ച 99,00,000/- രൂപ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടുകയാണ് ചെയ്തിട്ടുള്ളത്. ഇത് ചട്ട വിരുദ്ധമെങ്കിലും പെൻഷൻ കോൺട്രിബ്യൂഷൻ ലഭിക്കുന്നതിലെ കാലതാമസം തനതു ഫണ്ടിന് വരുത്തുന്ന അധിക ബാദ്ധ്യത മറികടക്കുവാൻ നഗരസഭ ഈ മാർഗ്ഗമാണ് അവലംബിക്കുന്നത്.

നിലവിൽ നഗരസഭയിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ കൃത്യമായി അടയ്ക്കുന്നുണ്ടെങ്കിലും അത്

സംബന്ധിച്ച അറിയിപ്പോ, കൈപ്പറ്റ രസീതോ നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ലഭിക്കുന്നില്ല. ജീവനക്കാർക്ക് ക്രഡിറ്റ് കാർഡ് ലഭിക്കാത്ത കാരണത്താൽ അടയ്ക്കുന്ന തുക ജീവനക്കാരുടെ അക്കൗണ്ടിൽ വരവു വയ്ക്കപ്പെടുന്നു എന്ന് ഉറപ്പാക്കാൻ സാധിക്കില്ല. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറിയായി പോകുന്ന തുകകൾ അവരുടെ അക്കൗണ്ടിൽ തന്നെ വരവു വയ്ക്കപ്പെടുന്നു എന്ന് ഉറപ്പാക്കുവാനും പെൻഷൻ വിതരണം കൃത്യവും കാര്യക്ഷമവുമാക്കുവാനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 മുൻ കൂറുകൾ അഡ്ജസ്റ്റ് ചെയ്തിട്ടില്ല

ജി.ഒ (പി )419/2011 ധനം/4.10.2011 ഉത്തരവിൽ മൂന്നു മാസത്തിനകം അഡ്ജസ്റ്റ് ചെയ്യാത്ത മുൻകൂറുകൾ, 18% പലിശ സഹിതം തുക കൈപ്പറ്റിയ വ്യക്തിയിൽ നിന്നും ഈടാക്കുവാൻ വ്യവസ്ഥ ചെയ്യുന്നു. നഗര സഭയിൽ നിന്നും 2015-16 ൽ അനുവദിച്ച ചുവടെ ചേർക്കുന്ന മുൻകൂറുകൾ ഓഡിറ്റ് കാലയളവുവരേയും അഡ്ജസ്റ്റ് ചെയ്തിട്ടില്ല.

| ഫയൽ നം | കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര്/തസ്തിക | തുക | വൗച്ചർ നം | ചെക്ക്നം /തീയതി | ആവശ്യം |
|---|---|---|---|---|---|
| H1-5690/15 | സുനിൽകുമാർ.എസ് ജെ.എച്ച് .ഐ 11 | 2000 | 43 / 7/15 | 4525/ 24.07.15 | പുതിയ കാവ് മാർക്കറ്റിലെ തെങ്ങു വെട്ടി മാറ്റുവാൻ |
| P2-1034/02 | ആൻസി തോമസ് , ക്ലർക്ക് | 6000 | 5 / 8/15 | 4530/4.8.15 | മൈക്ക് അനൗൺസ്മെന്റ് |
| G1-8237/08 | സുനിൽകുമാർ.എസ് ജെ.എച്ച് .ഐ 11 | 10,000 | 22 / 8/15 | 4534/8.8.15 | സ്വാതന്ത്ര്യദിനാഘോഷം |
| H1-5722/04 | സുനിൽകുമാർ.എസ് ജെ.എച്ച് .ഐ 11 | 5567 | 19 / 9/15 | 6056/22.09.15 | KL-4Q 452 ട്രാക്ടറിന്റെ ഇൻഷ്വറൻസ് |
| G1-4267/14 | വിനോദ്കുമാർ.ജി, സീനിയർ ക്ലർക്ക് | 45000 | 51 / 10/15 | 6087/27.10.15 | 2015 ഇലക്ഷൻ ചെലവുകൾ |
| G1-501/15 | സുനിൽകുമാർ.എസ് ജെ.എച്ച് .ഐ 11 | 5000 | 23 / 01/16 | ---- | റിപബ്ലിക് ദിനാഘോഷം |

| | | | | | |
|---|---|---|---|---|---|
| H1-4362/15 | സുനിൽകുമാർ.എസ് ജെ.എച്ച് .ഐ 11 | 6000 | 30 / 2/16 | 7978/17.2.16 | തെങ്ങ് വെട്ടി മാറ്റുവാൻ |
| H1-343/99 | സുനിൽകുമാർ.എസ് ജെ.എച്ച് .ഐ 11 | 5000 | 43 / 2/16 | 7988/26.02.16 | അനാഥ ശവം മറവു ചെയ്യൽ |
| H1-9615/15 | സുനിൽകുമാർ.എസ് ജെ.എച്ച് .ഐ 11 | 5000 | 29 / 3/16 | 8006/5.3.16 | ഗവ.എൽ.പി.ജി.എസ് കോട്ടയ്ക്കകത്തെ തെങ്ങ് വെട്ടി മാറ്റുവാൻ |
| | ആകെ | 89,567 | | | |

മേൽ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന മുൻകൂറുകളിൽ അനാഥ ശവം മറവു ചെയ്യുവാനുള്ള ചെലവൊഴികെ മറ്റെല്ലാം തന്നെ അഡ്വാൻസ് ആവശ്യമില്ലാത്തവയാണ്.

തനതു ഫണ്ടിൽ നിന്നും ആവശ്യമില്ലാത്ത ചെലവിനുള്ള കാരണവും, തുടർ കാലയളവിൽ ഇവ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും, തുകകൾ ക്രമീകരിക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്ന സുനിൽ കുമാർ.എസ്, ജെ.എച്ച്.ഐ II എന്ന ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെയും വിശദാംശം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം.4 / 21.01.2017 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് രേഖാ മൂലം ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും)ചട്ടങ്ങളിലെ ചട്ടം12 (4) പ്രകാരം മേൽ പട്ടികയിൽ പേര് പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥർ, അക്കൗണ്ടന്റ് ,മേൽനോട്ട ചുമതലയുള്ള റവന്യൂ ഇൻസ്പെക്ടർ, സൂപ്രണ്ട്, ഹെൽത്ത് സൂപ്പർവൈസർ, സെക്രട്ടറി എന്നിവർ ക്രമപ്രകാരമല്ലാത്ത ചെലവിന് ഉത്തരവാദികൾ എന്ന നിഗമനത്തിൽ നടപടികൾക്ക് ശുപാർശ ചെയ്യുന്നു. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 നിശ്ചിത സമയ പരിധിക്കുള്ളിൽ കരാർ വെയ്ക്കാത്തതിന് ഫൈൻ ഈടാക്കിയില്ല.

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി/തീ.1.2.2012 നമ്പർ ഉത്തരവ് പ്രകാരം 2012 – ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം -25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിക്ക് കരാറുകാരൻ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

അംബേദ്ക്കർ സാംസ്കാരിക നിലയം റോഡ് ഇന്റർ ലോക്ക് ചെയ്യുക

പ്രോജക്ട് നം. - 193/16

കരാറുകാരൻ - ശ്രീ. ഗോപിനാഥപിള്ള

എഗ്രീഡ് പി.എ.സി - 271190., അളവ് പുസ്തകം - 61/14-15

ബിൽ നം. 31/15-16/21.08.15

19.11.2014 ൽ നൽകിയ സെലക്ഷൻ നോട്ടീസ് പ്രകാരം കരാർ ചമയ്ക്കേണ്ട അവസാന തീയതി - 9.12.14

കരാർ ചമച്ച തീയതി - 10.12.14

പിഴ - 1% = 271190 X 1% = 2712/- രൂപ. ഇപ്രകാരം ഫൈൻ ഇനത്തിൽ കുറവ് വന്ന 2712/- രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

ആകെ മൂല്യം. - 244937, ബിൽ നമ്പർ 31/15-16/ 21.8.15, 244937

## 3-5 ഗ്യാസ് ക്രിമറ്റോറിയം നവീകരണത്തിന് 3.02ലക്ഷം;ചെലവ് മരാമത്ത് ചട്ടങ്ങൾ ലംഘിച്ച്

നഗരസഭ വികസനഫണ്ട് 3.02 ലക്ഷം രൂപ ചെലവഴിച്ച് ഗ്യാസ് ക്രിമറ്റോറിയം നവീകരിച്ചത്(പ്രോജക്ട്.87/16) കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ലംഘിച്ചാണ്. വിശദാംശങ്ങൾ ചുവടെ.

1.എസ്റ്റിമേറ്റ് തയാറാക്കി സാങ്കേതികാനുമതി വാങ്ങിയില്ല.

2.നവീകരണം മൂല്യനിർണയം നടത്തി എം.ബുക്കിൽ ചേർത്ത് ബില്ല് തയാറാക്കിയില്ല.

കൂടാതെ ക്രിമറ്റോറിയത്തിന് നവീകരണം ആവശ്യമാണെന്ന സാങ്കേതിക ഉപദേശത്തിന്റെ അടിസ്ഥാനത്തിലല്ല ലക്ഷങ്ങൾ ചെലവഴിച്ചത്. നവീകരണം ആവശ്യമാണെന്ന് ഈ വിഷയത്തിലെ വിദഗ്ധ സർക്കാർ ഏജൻസികളായ ശുചിത്വ മിഷനോ പൊലൂഷൻ കൺട്രോൾ ബോർഡോ നഗരസഭക്ക് നിർദേശം നല്കിയിട്ടില്ല. നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം പോലും നവീകരണം ആവശ്യമാണെന്ന് തെളിയിക്കുന്ന സാങ്കേതിക റിപ്പോർട്ട് തയാറാക്കിയിട്ടില്ല.

സർക്കാർ നിർദേശം അനുസരിച്ച് ക്രിമറ്റോറിയം സ്ഥാപനത്തിന് സാങ്കേതിക ഉപദേശം നല്കേണ്ടത് ശുചിത്വമിഷനോ പൊലൂഷൻ കൺട്രോൾ ബോർഡോ ആണ്.

മാത്രമല്ല നവീകരണം ആവശ്യമായത് ക്രിമറ്റോറിയം സ്ഥാപിച്ചതിലെ വീഴ്ച കൊണ്ടാണോ? ആണെങ്കിൽ ക്രിമറ്റോറിയം സ്ഥാപിച്ച് നല്കിയ സ്ഥാപനത്തിന്റെ ചെലവിൽ എന്തുകൊണ്ട് നവീകരണം നടത്തിയില്ല?- ഈ ചോദ്യങ്ങൾക്കും ഉത്തരമില്ല.

പത്തനംതിട്ടയിലെ ഹൈടെക് ക്രിമറ്റോറിയം എന്ന സ്വകാര്യ സ്ഥാപനത്തിന്റെ ഏക ടെണ്ടർ അംഗീകരിച്ചാണ് നവീകരണം നടത്തിയത്. ടെണ്ടറിനൊപ്പമുള്ള ഇവരുടെ 305000/-രൂപയുടെ ഇൻവോയിസ് മാവേലിക്കര പി.ഡബ്ള്യു.ഡി മെക്കാനിക്കൽ വിഭാഗം അംഗീകരിച്ചതായി കാണുന്നു. ക്രിമറ്റോറിയം പോലെ പ്രത്യേക സാങ്കേതികതയും പാരിസ്ഥിതിക അനുമതിയും ആവശ്യമായതിന് മെക്കാനിക്കൽ വിഭാഗത്തിന്റെ അനുമതി അംഗീകരിക്കാവുന്നതല്ല. മെക്കാനിക്കൽ വിഭാഗത്തിന്റെ പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഹൈടെക് ക്രിമറ്റോറിയത്തിന് 283832രൂപ (ഡി.ഡി 077479/15.3.16) നല്കിയത്. ആകെ ചെലവ് 301950/-രൂപ.

പി.ഡബ്ള്യു.ഡി മെക്കാനിക്കൽ വിഭാഗത്തിന്റെ പൂർത്തീകരണ സാക്ഷ്യപത്രത്തിൽ 3000 ലിറ്റർ വാട്ടർ ടാങ്കും ബർണറും ബ്ളോവറും മാറ്റിയിട്ടതായി പറയുന്നു. ഇതിൽ നിന്നും കരാർ അനുസരിച്ചുള്ള പണികൾ ഹൈടെക്

ക്രിമറ്റോറിയം നടത്തിയില്ലെന്ന് വ്യക്തമാണ്. അവരുടെ ഇൻവോയിസ് അനുസരിച്ച് വാട്ടർ ടാങ്കിനൊപ്പം ശുദ്ധീകരണ സംവിധാനവും ബ്ളോവറിനും ബർണറിനും ഒപ്പം അനുബന്ധ സംവിധാനങ്ങളും പറഞ്ഞിരുന്നു. എം.ബുക്ക് ബില്ല് എന്നിവയില്ലാത്തതിനാൽ ഇവ സ്ഥാപിച്ചിട്ടുണ്ടോയെന്നത് വ്യക്തമല്ല. അതിനാൽ നവീകരണം ശുചിത്വമിഷനേയോ പൊല്യൂഷൻ കൺട്രോൾ ബോർഡിനേയോ കൊണ്ട് പുനർമൂല്യനിർണയം നടത്തി നഷ്ടം ഈടാക്കേണ്ടതാണ്.

നവീകരിച്ചപ്പോൾ ലഭിച്ച പഴയ വാട്ടർടാങ്ക്, ബർണർ, ബ്ളോവർ എന്നിവ സ്റ്റോക്കിലെടുത്ത് ലേലം ചെയ്തിട്ടില്ല.

ട്രയൽ റൺ നടത്തി നവീകരണം ഫലവത്തായതായി തെളിയിക്കുന്ന റിപ്പോർട്ടില്ല. ക്രിമറ്റോറിയം നഗരവാസികൾക്ക് ഉപയുക്തമാകുന്ന എന്നതിനും തെളിവില്ല. ഇതിനാൽ നവീകരണചെലവ് പാഴായതായി കണക്കാക്കാം.

ഹൈടെക് ക്രിമറ്റോറിയത്തിന്റെ 305000/-രൂപയുടെ ടെണ്ടർ 1% കുറവിലാണ് അംഗീകരിച്ചത്. എന്നാൽ 301950/-രൂപയുടെ അവരുടെ ബില്ല് തീർപ്പാക്കിയത് ടെണ്ടർ കുറവ് കുറയ്ക്കാതെയാണ്. ഇതിനാൽ 3020/-രൂപയുടെ അധികചെലവ് ഉണ്ടായി. ഈ തുക നിർവഹണ ഉദ്യോഗസ്ഥനായ നഗരസഭാ എഞ്ചിനീയറുടെ ബാധ്യതയാണ്.

ഓഡിറ്റിന്റെ മേൽ നിഗമനങ്ങൾ വ്യക്തമാക്കി വിശദമായ ഓഡിറ്റ് അന്വേഷണം നഗരസഭാ എഞ്ചിനീയർക്ക് നല്കിയിരുന്നു. എന്നാൽ മറുപടിയോ ആവശ്യപ്പെട്ട രേഖകളോ ലഭിച്ചില്ല.

പദ്ധതി നിർവഹണത്തിൽ ഗുരുതരഅപാകങ്ങൾ വ്യക്തമാക്കിയതിനാൽ നഗരസഭ ഉചിതമായ മേൽ അന്വേഷണം നടത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആകെ ചെലവ് 301950/-രൂപയിൽ നിരാകരിച്ച 3020/-രൂപ കുറച്ച് 298930/- രൂപ തടസപ്പെടുത്തുന്നു.

## 3-6 <u>സോഡിയം വേപ്പർ വിളക്ക് അറ്റകുറ്റപണി:ഫണ്ട് വകമാറ്റി, അധികചെലവ്</u>

പ്രോജക്ട് നം.-190/16, ഫയൽ നം.-E1-6780/14.

ചെലവിന്റെ വിവരം- ബിൽ 21/22.7.15-101400രൂപ.

ബിൽ . 20/22.7.15-22030രൂപ.
പദ്ധതിയിൽ ആകെ 123430/-രൂപ റോഡിതര സംരക്ഷണ ഗ്രാന്റ് ചെലവഴിച്ചതായി കാണുന്നു.സോഡിയം വിളക്കുകൾ നഗരസഭയുടെ തനത് ആസ്തിയാണ്. തനത് ആസ്തികളുടെ അറ്റകുറ്റപണിക്ക് റോഡിതര സംരക്ഷണഗ്രാന്റ് ചെലവഴിക്കാൻ അനുവാദമില്ല.ഫണ്ട് വകമാറ്റിയത് ക്രമീകരിക്കേണ്ടതാണ്.

നഗരത്തിലെ ആകെ സോഡിയം വിളക്കുകളുടെ എണ്ണത്തേക്കാൾ കൂടുതൽ കൂലി നല്കിയതിനാലാണ് അധിക ചെലവ്. കെ.എസ്.ഇ.ബി മാവേലിക്കര സെക്ഷനിൽ നിന്നുള്ള രേഖ അനുസരിച്ച് നഗരത്തിലെ ആകെ സോഡിയം വിളക്കുകൾ 78 ആണ്. എന്നാൽ പദ്ധതിയുടെ ചെലവ് രേഖയനുസരിച്ച് ആകെ 203 വിളക്കുകളുടെ അറ്റകുറ്റപണി കൂലി നല്കിയതായി കാണുന്നു. കെ.എസ്.ഇ.ബിയുടെ കണക്കിനേക്കാൾ 125 വിളക്കുകൾ കൂടിയതിന് വിശദീകരണമില്ല. എന്നാൽ നഗരസഭയിലെ കൗൺസിലർമാർ 198 വിളക്കുകൾ അറ്റകുറ്റപണി നടത്തിയതായി സാക്ഷ്യപത്രം നല്കിയിട്ടുണ്ട്. കൗൺസിലർമാരുടെ സാക്ഷ്യപത്രത്തെ ഓഡിറ്റ് ഗൗരവമായി കാണുന്നു. അതിനാൽ 198 വിളക്കുകളുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നു. എന്നാൽ 198 വിളക്കുകൾ നഗരത്തിൽ ഉണ്ടെന്ന് കെ.എസ്.ഇ.ബിയുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 120 വിളക്കുകളുടെ (198-78)അറ്റകുറ്റപണി കൂലി 72000/-രൂപ ഓഡിറ്റിൽ അനുവദിക്കുന്നതല്ല. നഗരസഭ എഞ്ചിനീയറുടെ ബാധ്യതയായി നിർണയിക്കും.

പദ്ധതിയിൽ ഒരേ ജോലിക്ക് രണ്ട് പേർക്ക് രണ്ട് നിരക്കിൽ കൂലി നല്കിയതായികാണുന്നു. ടെണ്ടർ വ്യവസ്ഥകൾ ബാധകമായ അറ്റകുറ്റപണിക്ക് രമേശൻ, ഗോപാലകൃഷ്ണൻ എന്ന് രണ്ട് പേരെ തിരഞ്ഞെടുത്തതായി കാണുന്നു. ഇത് നിയമവിരുദ്ധമാണ്. മാത്രമല്ല ഇവർക്ക് ഒരേ ജോലിക്ക് രണ്ട് നിരക്കിൽ

കൂലി നല്കിയതായും കാണുന്നു. രമേശന് വിളക്ക് ഒന്നിന് 600/- രൂപയും ഗോപാലകൃഷ്ണന് 650/- രൂപയും. ഒരേ ജോലിക്ക് രണ്ട് കൂലി നിയമവിരുദ്ധവും യുക്തിക്ക് നിരക്കാത്തതുമായതിനാൽ രമേശന് വിളക്ക് ഒന്നിന് 650/-രൂപ നിരക്കിൽ നല്കിയത് ഓഡിറ്റിൽ അനുവദിക്കുന്നില്ല. രമേശനും ഗോപാലകൃഷ്ണന് നല്കിയ 600/-രൂപയ്ക്കാണ് അർഹത. അതിനാൽ 156 വിളക്കുകൾക്ക് അധികം നല്കിയ 7800/-രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല.

കൗൺസിലർമാരുടെ സാക്ഷ്യപത്രമനുസരിച്ച് ആകെ അറ്റകുറ്റപണി നടത്തിയത് 198 സോഡിയം വിളക്കുകളാണ്. എന്നാൽ രമേശനും ഗോപാലകൃഷ്ണനും 203 വിളക്കുകളുടെ അറ്റകുറ്റപണി കൂലി നല്കിയതായി കാണുന്നു. അധികം നല്കിയ 5 വിളക്കുകളുടെ അറ്റകുറ്റപണി കൂലി 5*650=3250/-രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല.

നഗരത്തിലെ സോഡിയം വിളക്കുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ, കെ.എസ്.ഇ.ബി താരിഫ് കാർഡ്, ടെണ്ടർ രേഖകൾ, വർക്ക് ഓഡർ, അറ്റകുറ്റപണി നടത്തിയത് തെളിയിക്കുന്ന കെ.എസ്.ഇ.ബി സാക്ഷ്യപത്രം, അറ്റകുറ്റപണിക്ക് ഉപയോഗിച്ച സാധനങ്ങൾ വാങ്ങിയതിന്റെ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ, പഴയ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ഇവയുടെ അഭാവം ചെലവിന്റെ സാധുത ചോദ്യം ചെയ്യുന്നു. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. ആകെ ചെലവിൽ ഓഡിറ്റിൽ അനുവദിക്കാത്ത 11050/-രൂപ (7800+3250) കിഴിച്ച് 112380/-രൂപ തടസപ്പെടുത്തുന്നു.

## 3-7 ചരുവിൽ കോളനി റോഡ് റീ കോൺക്രീറ്റിംഗ്- സിംഗിൾ ടെണ്ടർ നിരസിച്ചത് മൂലം നഷ്ടം

പ്രോജക്ട് നമ്പർ - 49/16, അളവ് പുസ്തകം - 52/15-16

ബിൽ നമ്പർ- 72/15-16/26.3.16 --344569
ചരുവിൽ കോളനി റോഡ് റീ കോൺക്രീറ്റിംഗിനായി ടെണ്ടർ ക്ഷണിച്ചതിൽ 30.10.2015 ൽ ശ്രീ.എസ്. രമേഷ്, കുറ്റിയിൽവീട് എന്നയാൾ 12.1% കുറഞ്ഞ നിരക്കിൽ സമർപ്പിച്ച ടെണ്ടർ, സിംഗിൾ ടെണ്ടർ ആണെന്ന കാരണം രേഖപ്പെടുത്തി നിരസിക്കുകയും തുടർന്ന് റീ ടെണ്ടർ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ (9.69% കുറവ്) ശ്രീ. ഡാനിയേൽ, ഒറ്റേലിയിൽ എന്നയാളുടെ ടെണ്ടർ അംഗീകരിച്ചതായും കാണുന്നു. പൊതു മരാമത്ത് (ഇ) വകുപ്പിന്റെ 1.8.12 ലെ സർക്കുലർ നമ്പർ. 16846/E2/PWD പ്രകാരം ആദ്യ ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിലോ കുറഞ്ഞ നിരക്കിലോ ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കാമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതിന് വിരുദ്ധമായി ടി ടെണ്ടർ നിരസിച്ചതുമൂലം നഷ്ടമുണ്ടായിട്ടുണ്ട്. കൂടാതെ ഇതേ കാലയളവിൽ തന്നെ മറ്റ് പ്രവർത്തികൾ സിംഗിൾ ടെണ്ടർ ആണെങ്കിൽ കൂടി കോ ഓർഡിനേഷൻ കമ്മറ്റിയുടെ തീരുമാനപ്രകാരം സിംഗിൾ ടെണ്ടർ അംഗീകരിക്കാവുന്നതാണെന്ന് ഫയലിൽ രേഖപ്പെടുത്തിക്കൊണ്ട് സിംഗിൾ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.

അളവ് പുസ്തകം 52/15-16 പ്രകാരം വേലയുടെ ആകെ മൂല്യം 381540.34 രൂപയാണ്. ആദ്യ ടെണ്ടർ സ്വീകരിച്ചിരുന്നുവെങ്കിൽ പദ്ധതിക്കായി ചെലവാകുമായിരുന്ന തുക 335374/-രൂപയും (381540.34-12.1%) രണ്ടാം ടെണ്ടർ പ്രകാരം ചെലവഴിച്ച തുക 344569/-രൂപയുമാണ്. ആദ്യ ടെണ്ടർ നിരസിച്ചതുമൂലം അധിക ചെലവ് - 9195/-രൂപ. അധികം ചെലവഴിച്ച തുക നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 3-8 സാങ്കേതിക നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതുമൂലം അധിക ചെലവ്

പ്രോജക്ട് നമ്പർ - 49/16, അളവ് പുസ്തകം - 52/15-16

കരാറുകാരൻ- ശ്രീ. ഡാനിയേൽ, ഒറ്റേലിയിൽ, 9.69% കുറവ്
ആകെ മൂല്യം- 381540

ബിൽ നമ്പർ - 72/15-16, 26.3.16 -- 344569

ചരുവിൽ കോളനി റോഡ് റീ കോൺക്രീറ്റിംഗ്- എന്ന വേലയുടെ രണ്ടാമിനമായി അളവ് പുസ്തകം - 52/15-16, പുറം 5 പ്രകാരം 1:2:4 അനുപാതത്തിൽ 20mm സ്റ്റോൺ ഉപയോഗിച്ച് സിമന്റ് കോൺക്രീറ്റിംഗ് 0.075m കനത്തിൽ $43.674m^3$ ചെയ്തിട്ടുണ്ട്. പരമാവധി 2.5m, 2.6m, 2.7m എന്നിങ്ങനെ മാത്രം വീതിയുള്ള നടപ്പാത ആദ്യം കോൺക്രീറ്റ് ചെയ്തപ്പോൾ 0.05m കനവും റീകോൺക്രീറ്റ് ചെയ്തപ്പോൾ 0.075m കനവും നൽകിയിരിക്കുന്നു. ചീഫ് എഞ്ചിനീയറുടെ സർക്കുലർ DB4-9092/15/CE/LSGD/28.9.2015പ്രകാരം കോൺക്രീറ്റ് പാതകളിൽ 20mm മെറ്റൽ ഉപയോഗിച്ചുള്ള കോൺക്രീറ്റിംഗിന് 0.05m -ൽ കൂടുതൽ കനം ആവശ്യമില്ലാത്തതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. 3 മീറ്ററിൽ താഴെ വീതിയുള്ള കോൺക്രീറ്റ് പാത റീ കോൺക്രീറ്റ് ചെയ്തതിന് മേൽ നിർദ്ദേശിച്ചിട്ടുള്ളതിലും അധികം കനം നൽകിയതുമൂലം ചുവടെ ചേർക്കുന്ന വിധം അധിക ചെലവുണ്ടായിട്ടുണ്ട്.

1:2:4 അനുപാതത്തിൽ 20mm സ്റ്റോൺ ഉപയോഗിച്ച് സിമന്റ് കോൺക്രീറ്റിംഗ് ചെയ്ത അളവ്- $43.674m^3/0.075 = 582.32m^2$

$582.32m^2$ 0.05m കനത്തിൽ 1:2:4, കോൺക്രീറ്റിംഗ് ചെയ്താൽ $29.116m^3$ ന് $8391.7/m^3$ നിരക്കിൽ ചെലവാകുമായിരുന്ന തുക – 244333/-രൂപ. ഈയിനത്തിന് ചെലവഴിച്ച തുക- 366499/-. അധികം ചെലവഴിച്ച തുക – (122166 - ടെണ്ടർ കുറവ് (9.69%),) 110328/-രൂപ. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശത്തിന് വിരുദ്ധമായി ചെലവഴിച്ച തുക ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 3-9 <u>നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കാത്ത പ്രവർത്തികൾക്ക് ഫൈൻ ഈടാക്കിയതിൽ കുറവ്.</u>

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി/തീ.1.2.2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2116-1.1 പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാത്ത പ്രവർത്തികൾക്ക് പിഴ ഈടാക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ നടപ്പാക്കിയ താഴെ പറയുന്ന പ്രവ്യത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാതിരുന്നതിന് പിഴ ഈടാക്കിയതിൽ കുറവ് കാണുന്നു.. വിശദവിവരം ചുവടെ ചേർക്കുന്നു.

(1)<u>വെണ്ണിയിൽ കാവ് ഇടമന മഠം റോഡ് റീ ടാറിംഗ്.</u>

പ്രോജക്ട് നം. - 38/16

കരാറുകാരൻ - ശ്രീ.ഗോപിനാഥ പിള്ള, അളവ് പുസ്തകം - 28/15-16

ബിൽ നമ്പർ - 62/15-16, 11.3.16 -- 360555
എഗ്രീഡ് പി.എ.സി -- 367770
26.8.2015ൽ നഗരസഭ എഞ്ചിനീയറുമായി ഏർപ്പെട്ട കരാർ പ്രകാരം ഈ വേല 25.10.2015ൽ പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം പ്രവർത്തി പൂർത്തിയാക്കിയിട്ടുള്ളത് 26.1.2016ൽ മാത്രമാണ്. പ്രവർത്തിയുടെ പൂർത്തീകരണ സമയം ദീർഘിപ്പിക്കുവാനായി കരാറുകാരൻ അപേക്ഷിച്ചിട്ടുള്ളത് 29.12.2015-ൽ ആണ്. കരാർ കാലയളവിനുള്ളിൽ കാലാവധി ദീർഘിപ്പിച്ച നൽകുന്നതിന് അപേക്ഷിച്ചിട്ടില്ലാത്തതിനാൽ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതല്ല. നിയമാനുസൃതം ദീർഘിപ്പിച്ച നൽകാവുന്ന കാലയളവ് യഥാർത്ഥ കാലയളവിന്റെ പരമാവധി 50% മാത്രമാണ്. ഇത് പ്രകാരം 25.11.15വരെ 3% പിഴയും തുടർന്ന് 26.1.16 വരെ ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ 0.9% (ഒരു ആഴ്ചയ്ക്ക് .1% നിരക്കിൽ 9 ആഴ്ച) വും ഉൾപ്പെടെ 3.9% പിഴ ഈടാക്കേണ്ടതായിരുന്നു. എന്നാൽ 1% മാത്രമേ പിഴ ഈടാക്കിയിട്ടുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ആകെ ഈടാക്കേണ്ട ഫൈൻ 3.9%x367770 =14343

ഈടാക്കിയ ഫൈൻ 1%x 367770 =3678, കുറവ് 10665/-രൂപ.

2. മീനത്തേതിൽ ലെയിൻ ഇന്റർ ലോക്ക്

പ്രോജക്റ്റ് നം. - 79/15

കരാറുകാരൻ - മോഹൻദാസ്

എഗ്രിമെന്റ് നമ്പർ - 59/14-15/ME/LSGD/MVK/MTY/20.3.15

എഗ്രീഡ് പി.എ.സി -- 193754

ബിൽ നമ്പർ- 73/15-16/26.3.16 – 179533

അളവ് പുസ്തകം - 50/15-16

എഗ്രിമെന്റ് പ്രകാരം വേല പൂർത്തിയാക്കേണ്ട തീയതി - 19.4.2015, പൂർത്തീകരണ കാലയളവ് ഒരു മാസം.

വേല പൂർത്തിയാക്കിയ തീയതി - 10.3.2016, 3% പിഴയോട്ടുകൂടി 50% വരെ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നത് 4.5.2015 വരെ മാത്രമാണ്. ആയതിനാൽ 5.5.15 മുതൽ 10.3.2016 വരെ 44 ആഴ്ച, 0.1% നിരക്കിൽ 4.4% ഉൾപ്പെടെ ആകെ 7.4%പിഴ 14338/-രൂപ ഈടാക്കേണ്ടതായിരുന്നു (193754 x7.4%). എന്നാൽ പിഴയിനത്തിൽ 11647/-രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂ. കുറവ് 2691/- രൂപ.

3. അഞ്ചക്കാരൻ പറമ്പിൽ റോഡ് ഇന്റർ ലോക്കിംഗ്.

കരാറുകാരൻ- ഗോപിനാഥ പിള്ള - പ്രോജക്റ്റ് നമ്പർ - 17/16

അളവ് പുസ്തകം- 48/15-16

എഗ്രിമെന്റ് നമ്പർ - 40/15-16/ME/LSGD/MVK/MTY/11.9.15
എഗ്രീഡ് പി.എ.സി -- 283478

ബിൽ നമ്പർ- 75/15-16/26.3.16 – 242789

എഗ്രിമെന്റ് പ്രകാരം വേല പൂർത്തിയാക്കേണ്ട തീയതി - 10.11.2015, പൂർത്തീകരണ കാലയളവ് രണ്ട് മാസം.

വേല പൂർത്തിയാക്കിയ തീയതി - 25.2.2016, 3% പിഴയോട്ടുകൂടി 50% വരെ കാലാവധി ദീർഘിപ്പിച്ചുനൽകാവുന്നത് 10.12.2015വരെ മാത്രമാണ്. ആയതിനാൽ 11.12.15 മുതൽ 25.2.2016 വരെ 11 ആഴ്ച 0.1% നിരക്കിൽ 1.1% ഉൾപ്പെടെ ആകെ 4.1%പിഴ 11623/-രൂപ(283478x4.1%) ഈടാക്കേണ്ടതായിരുന്നു. എന്നാൽ പിഴയിനത്തിൽ 8504/-രൂപ (3%) മാത്രമേ ഈടാക്കിയിട്ടുള്ളൂ. കുറവ് 3119/- രൂപ.

4. കല്ലുകുഴിയിൽ ഇടവഴി ഇന്റർലോക്കിംഗ്

കരാറുകാരൻ- ഗോപിനാഥ പിള്ള

അളവ് പുസ്തകം- 66/15-16

എഗ്രിമെന്റ് നമ്പർ - 45/15-16/ME/LSGD/MVK/MTY/29.9.15

എഗ്രീഡ് പി.എ.സി -- 65065

ബിൽ നമ്പർ- 9/15-16/31.3.16 – 51753

എഗ്രിമെന്റ് പ്രകാരം വേല പൂർത്തിയാക്കേണ്ട തീയതി - 28.11.2015, പൂർത്തീകരണ കാലയളവ് രണ്ട് മാസം.

വേല പൂർത്തിയാക്കിയ തീയതി - 21.3.2016, 3% പിഴയോട്ടുകൂടി 50% വരെ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നത് 28.12.2015 വരെ മാത്രമാണ്. ആയതിനാൽ 28.12.15 മുതൽ 21.3.2016 വരെ 12 ആഴ്ച 0.1% നിരക്കിൽ 1.2% ഉൾപ്പെടെ ആകെ 4.2%പിഴ 2733/-രൂപ(65065x4.2%) ഈടാക്കേണ്ടതായിരുന്നു. എന്നാൽ പിഴയിനത്തിൽ 1561/-രൂപ (2.4%) മാത്രമേ ഈടാക്കിയിട്ടുള്ളൂ. കുറവ് 1172/- രൂപ.

പിഴയിനത്തിൽ ആകെ കുറവ് വന്ന 17647/- രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-10 പഠനമുറി - മാന ദണ്ഡങ്ങൾ പാലിക്കാതെ ആനുകൂല്യം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥ : എസ് സി ഡെവലപ്മെന്റ് ഓഫീസർ

പ്രോജക്ട് നം: S0 223/16

ചെലവഴിച്ച തുക: 20000 ( ഡിഡി നം. 078663/30.3.16)

എസ് സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ധന സഹായം നൽകൽ പ്രോജക്ട് പ്രകാരം 9 ഗുണഭോക്താക്കളുടെ മക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിനുള്ള ആനുകൂല്യം നൽകിയിട്ടുണ്ട്. ഇപ്രകാരം ആനുകൂല്യം കൈപ്പറ്റിയ വാർഡ് 14 ലെ ഗുണഭോക്താവായ ഉത്തമൻ.കെ കല്ലുകുഴി മേക്കതിൽ, കൊറ്റാർകാവ് എന്ന വ്യക്തിയുടെ അപേക്ഷയോടൊപ്പമുള്ള എസ്റ്റിമേറ്റ് പരിശോധിച്ചതിൽ ടിയാൻ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്ന പഠനമുറിയുടെ അളവ് 58sq ft മാത്രമാണ്. 15.2.16 ലെ ജി. ഒ (ആർ.റ്റി) 626/2016/സ്വഭവ ഉത്തരവ് പ്രകാരം മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന പഠന മുറികൾക്ക് 120 sqft അളവെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. മാത്രമല്ല, മുറി നിർമ്മിക്കുന്നതിന് ടിയാൻ നഗര സഭയിൽ നിന്ന് പെർമിറ്റ് വാങ്ങുകയോ നിർമ്മാണം ആരംഭിക്കുകയോ ചെയ്തിട്ടില്ല. സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാതെ മുൻകൂറായി ആനുകൂല്യം നൽകിയതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് യാതൊരു മറുപടിയും ഹാജരാക്കിയിരുന്നില്ല. ഇക്കാരണത്താൽ 20000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-11 2011-12 വർഷത്തെ രേഖകളുടെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകി

എസ്. സി. ഡെവലപ്മെന്റ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2011-2 വർഷം കിണർ നിർമ്മാണത്തിനുള്ള മുൻകൂർ തുകയായ 3000/- രൂപ മാധവൻ, പി.കാവുള്ളതിൽ തെക്കതിൽ പോനകം എന്ന വ്യക്തി കൈപ്പറ്റിയിരുന്നു. കിണർ നിർമ്മാണം പൂർത്തീകരിച്ചതിന്റെ വാല്യുവേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് വർഷം 2000/-രൂപ കൂടി (ബിൽ നം.6/15.9.15) ടിയാന് നൽകിയിരുന്നു.

2011-12 വർഷം ഭൂമിയുടെ കരം അടച്ച രസീത്, വസ്തു നികുതി അടച്ചതിന്റെ രസീത് എന്നിവയുടെ അടിസ്ഥാനത്തിലാണ് ടിയാന് ആനുകൂല്യം അനുവദിച്ചിരുന്നത്. ഇത് ക്രമ പ്രകാരമുള്ള നടപടിയല്ല. 2011-12 വർഷം മുൻകൂർ കൈപ്പറ്റിയിരുന്ന വ്യക്തിക്ക് ഓഡിറ്റ് വർഷം ഇതേ ഭൂമി സ്വന്തമായുള്ളതിന്റെ രേഖകൾ പരിശോധിക്കാതെയാണ് ആനുകൂല്യം നൽകിയത്. ഇക്കാരണത്താൽ സബ്സിഡി ഇനത്തിൽ ചെലവഴിച്ച 2000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-12 സർക്കാർ ജീവനക്കാരിക്ക് ആനുകൂല്യം നൽകി

എസ്. സി. ഡെവലപ്മെന്റ് ഓഫീസർ നടപ്പാക്കിയ ഭവന നിർമ്മാണം പ്രോജക്ട് (ഭവന നിർമ്മാണം,150/16) പ്രകാരം ധന സഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താവിന്റെ റേഷൻ കാർഡ് പരിശോധിച്ചതിൽ ഗുണഭോക്താവ് സർക്കാർ ജീവനക്കാരിയാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര്,മേൽവിലാസം | ഡിഡി നം./തീയതി | കൈപ്പറ്റിയ തുക |
|---|---|---|
| ഗോമതി. കെ,<br>മണപ്പുറത്ത് തെക്കതിൽ കൊച്ചിക്കൽ | 839274/23.7.15<br>839978/30.9.15<br>076372/14.1.16 | 90000<br>90000<br>60000 |

| | | |
|---|---|---|
| | 078128/17.3.16 | 30000 |
| ആകെ | | 270000/- |

പദ്ധതി മാർഗ്ഗ രേഖകൾ പ്രകാരം സർക്കാർ ജീവനക്കാർക്ക് സബ്സിഡി അനുവദിക്കാവുന്നതല്ല. അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് യാതൊരു മറുപടിയും ഹാജരാക്കാതിരുന്ന സാഹചര്യത്തിൽ 270000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-13 ഭവന നിർമ്മാണം -മാനദണ്ഡങ്ങൾ പാലിക്കാതെ ആനുകൂല്യം അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥ : എസ്. സി. ഡെവലപ്മെന്റ് ഓഫീസർ

പ്രോജക്ട് : ഭവന നിർമ്മാണം

പ്രോജക്ട് നം. S0090/16

ഭവന നിർമ്മാണം പ്രോജക്ടിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് 30000/- രൂപ വീതം ആനുകൂല്യം മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷകളോടൊപ്പമുള്ള രേഖകൾ പരിശോധിച്ചതിൽ ടി വ്യക്തികൾ ആനുകൂല്യത്തിന് അർഹരല്ല എന്ന് വ്യക്തമാണ്.

| ഗുണഭോക്താവിന്റെ പേര്,മേൽവിലാസം | വാർഡ് നം. | തുക കൈപ്പറ്റിയതിന്റെ വിവരം | റിമാർക്സ് |
|---|---|---|---|
| ശ്രീദേവി എസ്, പടിഞ്ഞാറെത്തോലിൽ മാവേലിക്കര | 27 | 078698/30.3.16 | കെട്ടിടം നിർമ്മിക്കുന്ന തിന് ബിൽഡിംഗ് പെർമിറ്റ് വാങ്ങിയിരുന്നില്ല |
| രശ്മി വി.കല്ലേലി പറമ്പിൽ,പടിഞ്ഞാറെ നട | 25 | 078697/30.3.16 | ടിയാൾ 2011-12 ലാണ് ബിൽഡിംഗ് പെർമിറ്റ് വാങ്ങിയിരുന്നത്. മാത്രമല്ല, 11.2.14 ൽ ടിയാൾക്ക് ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകിയിരുന്നതാണ്. |

കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിലല്ലാതെ ആനുകൂല്യം നൽകിയതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയൊന്നും ഹാജരാക്കിയിരുന്നില്ല. ഇക്കാരണത്താൽ 60000/- രൂപ നിരാകരിക്കുന്നു.

## 3-14 കിണർ നിർമ്മാണം - വാല്യുവേഷൻ പ്രകാരമുള്ള തുക ആനുകൂല്യമായി നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ: എസ്. സി. ഡെവലപ്മെന്റ് ഓഫീസർ

പ്രോജക്ട്: കിണർ നിർമ്മാണം

പ്രോജക്ട് നമ്പർ: S0108/16

ചെലവഴിച്ച തുക: ബിൽ നം.9/30.9.15- 60000/-

കിണർ നിർമ്മാണം പ്രോജക്ട് പ്രകാരം ആനുകൂല്യം കൈപ്പറ്റിയ 3 ഗുണഭോക്താക്കളുടെ അപേക്ഷകളോടൊപ്പം കിണർ നിർമ്മാണം പൂർത്തീകരിച്ചതായി അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ വാല്വേഷനിൽ ഏകദേശം 15000/- രൂപ ചെലവഴിച്ച് കിണർ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് തൻവർഷം 15000/- രൂപ വീതം നൽകിയിരിക്കുന്നു(7500 മുൻകൂർ + 7500). പദ്ധതി മാർഗ്ഗ രേഖകൾ പ്രകാരം വാല്യൂവേഷന്റെ 90% മാത്രമാണ് ആനുകൂല്യമായി നൽകാവുന്നത്. ഇതിൻ പ്രകാരം ഒരു ഗുണഭോക്താവിന് നൽകാവുന്ന പരമാവധി സബ്സിഡി 13500/- രൂപ മാത്രമാണ്.

ഇതിന് വിരുദ്ധമായി സബ്സിഡി ഇനത്തിൽ 3 പേർക്ക് 1500/- രൂപ വീതം ആകെ 4500 ( 1500*3) രൂപ അധികം ചെലവഴിച്ചിരിക്കുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര്,മേൽ വിലാസം | ഡിഡി നം./തീയതി |
|---|---|
| ജയ ചന്ദ്രൻ, കോട്ടൂർത്താഴെ കിഴക്കതിൽ ,പോനകം,മാവേലിക്കര | 078700/30.3.16 |
| ലളിത,ലളിത ഭവനം, പോനകം,മാവേലിക്കര | 078701/30.3.16 |
| പാപ്പി .കെ ,കുളത്തിന്റെ പടീറ്റതിൽ ,കൊറ്റാർ കാവ് | 078705/30.3.16 |

സബ്സിഡി തുക അധികം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് യാതൊരു മറുപടിയും ഹാജരാക്കിയില്ല. ഇക്കാരണത്താൽ സബ്സിഡി ഇനത്തിൽ അധികം ചെലവഴിച്ച 4500/- രൂപ അംഗീകരിക്കുന്നില്ല. ടി തുക നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-15 മുൻ കൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല

എസ്. സി. ഡെവലപ്മെന്റ് ഓഫീസർ മുൻ വർഷങ്ങളിൽ നടപ്പാക്കിയ വിവിധ പ്രോജക്ടുകൾ പ്രകാരം മുൻകൂറായി ആനുകൂല്യം കൈപ്പറ്റിയിരുന്ന താഴെ പറയുന്ന ഗുണഭോക്താക്കൾ അടുത്ത ഗഡുക്കൾ വാങ്ങിയിട്ടില്ല.

| ഇനം | വർഷം | മുൻ കൂർ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം | ഒരു ഗുണഭോക്താവ് കൈപ്പറ്റിയ തുക | ആകെ തുക |
|---|---|---|---|---|
| കിണർ നിർമ്മാണം S0205/15 | 2014-15 | 2 | 7500 | 15000 |
| വീട് പുനരുദ്ധാരണം S00199/15 | 2014-15 | 4 | 12500 | 50000 |
| കിണർ | 2014-15 | 8 | 2500 | 20000 |

| | | | | |
|---|---|---|---|---|
| പുനരുദ്ധാരണം S0157/15 | | | | |
| വീട് നിർമ്മാണം S084/15 | 2014-15 | 1 | 120000 | 120000 |
| വീട് നിർമ്മാണം s00145/13 | 2012-13 | 2<br>6 | 140000<br>180000 | 1360000 |
| വീട് പുനരുദ്ധാരണം S0121/13 | 2012-13 | 3 | 10000 | 30000 |
| വീട് പുനരുദ്ധാരണം S0164/12 | 2011-12 | 2 | 5000 | 10000 |
| വീട് പുനരുദ്ധാരണം S066/12 | 2011-12 | 1 | 5000 | 5000 |
| കിണർ പുനരുദ്ധാരണം S0068/12 | 2011-12 | 8 | 1000 | 8000 |
| ടോയിലറ്റ് നിർമ്മാണം S063/12 | 2011-12 | 32 | 1000 | 32000 |

ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് അർഹരായവർക്ക് അടുത്ത ഗഡു നൽകേണ്ടതാണ്. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തവരിൽ നിന്ന് നൽകിയ ആനുകൂല്യം ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 എസ്.സി.ഡെവലപ്മെന്റ് ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ- രേഖകൾ സൂക്ഷിച്ചതിലെ പൊതുവായ ന്യൂനതകൾ

എസ്.സി. ഡെവലപ്മെന്റ് ഓഫീസർ നടപ്പാക്കിയ വിവിധ പ്രോജക്ടുകൾ സംബന്ധിച്ചുള്ള രേഖകൾ സൂക്ഷിച്ചതിലെ പൊതുവായ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

എ) ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കൾക്ക് പട്ടിക ജാതി വികസന വകുപ്പിൽ നിന്ന് അതേ ഇനങ്ങൾക്കായി ധനസഹായം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബി) സ്റ്റേജ് സർട്ടിഫിക്കറ്റ് ഇല്ലാതെ ഗുണഭോക്താക്കളുടെ അപേക്ഷയുടെ മാത്രം അടിസ്ഥാനത്തിലാണ് ആനുകൂല്യങ്ങൾ നൽകുന്നത്.

സി) കിണർനിർമ്മാണത്തിനുള്ള ആനുകൂല്യം മുൻകൂറായി നൽകിയിരിക്കുന്നു.

വാല്യുവേഷന്റെ അടിസ്ഥാനത്തിൽ മാത്രമേ കിണർ നിർമ്മിച്ചതിനുള്ള ആനുകൂല്യം നൽകാൻ പാടുള്ളൂ. മുൻകൂറായി ആനുകൂല്യം നൽകിയത് ക്രമ പ്രകാരമുള്ള നടപടിയല്ല.

ഡി) അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം നിർമ്മാണത്തിന്റെ ഏകദേശ കണക്കുകൾ മാത്രമാണ് നൽകുന്നത്. ഏകദേശ കണക്കിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകിയത് ശരിയായ നടപടിയല്ല.

മിക്ക പദ്ധതികളും സമയ ബന്ധിതമായി നടപ്പാക്കാതെ സ്പിൽ ഓവർ പ്രോജക്ടുകളായി നടപ്പാക്കിയിരിക്കുന്നു.

പദ്ധതികൾ നടപ്പാക്കുമ്പോൾ മേൽ അപാകങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഭൂമി വാങ്ങി

| പ്രോജക്ട് നം: /പേര് | ഫണ്ടിനം /ചെലവ് തുക /നിർവ്വഹണം | ബിൽ നം: /തീയതി | തുക |
|---|---|---|---|
| 130/16<br>ഭൂരഹിതർക്ക് ഭൂമി | ധനകാര്യകമ്മീഷൻ ഗ്രാന്റ് 600000 രൂപ<br>പ്രോജക്ട് ഓഫീസർ<br>നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 3/15-16 17.07.2015<br>6/15-16 01.09.2015<br>7/15-16 22.09.2015 | 200000 രൂപ<br>200000 രൂപ<br>200000 രൂപ |
| | | ആകെ | 600000 രൂപ |

ടി പ്രൊജക്ട് പ്രകാരം മൂന്ന് പേർക്ക് വീട് നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി വാങ്ങുന്നതിന് സബ്സിഡി നല്കിയിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | സബ്സിഡി തുക | ഡി.ഡി.നം: തീയതി |
|---|---|---|---|
| 1 | അനന്തൻ ചെട്ടിയാർ,കല്ലുകുഴി, മാവേലിക്കര | 200000 | 839228/23.07.15 |
| 2 | ജോയമ്മ, ചരുവുപറമ്പിൽ, പോനകം, മാവേലിക്കര | 200000 | 839939/25.09.15 |
| 3 | ശാന്തമ്മ, ചൊന്നാര് പറമ്പിൽ, തട്ടാരമ്പലം, മാവേലിക്കര | 200000 | 839851/16.09.15 |

പ്രോജക്ടിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

1. അനുവദനീയമായ സബ്സിഡി തുക, ആധാരത്തിൽ രേഖപ്പെടുത്തിയ വില, എന്നിവയിലേതാണോ കുറഞ്ഞത് ആ തുകയാണ് സബ്സിഡിയായി ലഭിക്കുകയുള്ളൂ. [12-ാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ അനുബന്ധം 16-3-6 -(സ.ഉ.(എം.എസ് ) 362/2013/ത.സ്വ .ഭ.വ. തീയതി 16.11.2013)] എന്നാൽ ഇതിന് വിരുദ്ധമായി ടി ക്രമനമ്പർ 2 ൽപ്പെട്ട ശ്രീമതി. ജോയമ്മയ്ക്ക് ഭൂമിവിലയെക്കാൾ കൂടുതൽ സബ്സിഡി അനുവദിച്ചു. ടിയാളുടെ ആധാരത്തിൽ ഭൂമിവില 146000/- രൂപയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം ടിയാൾക്ക് അനുവദനീയമായ സബ്സിഡി 146000/- രൂപ മാത്രമാണ് . എന്നാൽ ടിയാൾക്ക് 2 ലക്ഷം രൂപ നല്കി. ഇവിടെ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് 54000/- രൂപ കൂടുതലായി നല്കിയത്, ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

2 . സബ്സിഡി തുകയുടെ പരിധിയിൽ കവിയാതെ നിശ്ചയിക്കപ്പെട്ട മിനിമം വിസ്തൃതിയിൽ - നഗരസഭാപരിധിയിൽ 2 സെന്റ് - കൂടുതൽ സ്ഥലം വാങ്ങിയാൽ മിനിമം സ്ഥലത്തിനുള്ള വില നിജപ്പെടുത്തി

സബ്സിഡി തുക പരിമിതപ്പെടുത്തേണ്ടതാണ്. (ടി മാർഗ്ഗരേഖ ടി അനുബന്ധം) ഈ നിബന്ധനയ്ക്ക് വിരുദ്ധമായി താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചു.

| ഗുണഭോക്താവ് | വാങ്ങിയ ഭൂമിയുടെ ആകെ വിസ്തീർണ്ണം | ആകെ വില (രൂപ) | നല്കിയ സബ്സിഡി (രൂപ) | അനുവദനീയമായ സബ്സിഡി (രൂപ) | കൂടുതൽ നല്കിയത്(രൂപ) |
|---|---|---|---|---|---|
| ശ്രീ.അനന്തൻ ചെട്ടിയാർ | 4സെന്റ് (1.62ആർ) | 200000 | 200000 | 100000 | 100000 |
| ശ്രീമതി.ശാന്തമ്മ | 2.99സെന്റ് (1.21ആർ) | 200000 | 200000 | 133800 | 66200 |
| | | | | ആകെ | 166200 |

ഇവിടെ അനുവദനീയമായതിലും കൂടുതലായി സബ്സിഡി നല്കിയതിനാൽ 166200/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട് . ഈ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

3. സ്ഥലത്തിന്റെ സബ്സിഡി തുക സ്ഥലം വിറ്റയാളിന്റെ പേരിലാണ് നല്കിയത് എന്ന് ഉറപ്പാക്കുന്നതിനാവശ്യമായ രേഖകളില്ല. ഡി.ഡി.രജിസ്റ്ററിൽ ഗുണഭോക്താക്താവിന്റെയും സ്ഥലം വിറ്റയാളിന്റെയും ഒപ്പ് കാണിച്ചിട്ടുണ്ട്.

4. ഗുണഭോക്താക്കളുടെ പേരിൽ അവർ താമസിക്കുന്ന വില്ലേജിൽ സ്വന്തമായി ഭൂമിയില്ല എന്ന് ഉറപ്പാക്കിയിട്ടുണ്ടെങ്കിലും ടിയാളുകൾക്ക് വീട് നിർമ്മിക്കുന്നതിന് 2 സെന്റിൽ കുറയാത്ത സ്ഥലം പരമ്പരാഗതകുടുംബസ്വത്തിൽ നിന്നോ അച്ഛൻ/അമ്മ എന്നിവരിൽ നിന്നോ അനന്തരാവകാശമായി ലഭിക്കാൻ അവകാശമില്ലാത്തവരായിരിക്കണം എന്ന വസ്തുത പരിശോധിക്കാതെയാണ് ആനുകൂല്യം നല്കിയത്.

5. ടിയാളുകൾ വാങ്ങിയ ഭൂമിയുടെ അസ്സൽ ആധാരം രജിസ്റ്റർ ഓഫ് വാല്യുബിൾസിൽ ചേർത്ത് സൂക്ഷിക്കാതെ പ്രോജക്റ്റ് ഫയലിൽ സൂക്ഷിക്കുന്നത് ആധാരം നശിക്കുന്നതിനും നഷ്ടപ്പെടുന്നതിനും ഇടയാക്കിയേക്കാം.

6. ടിയാളുകളുടെ പേരിൽ ആധാരം ചമച്ചിട്ടുണ്ടെങ്കിലും വില്ലേജ് റെക്കാർഡുകൾ പ്രകാരം ടിയാളുകളുടെ പേരിൽ ചേർത്ത് കരം ഒടുക്കിയതിന്റെ രേഖകളില്ല.

7. വീട് നിർമ്മിക്കുന്നതിന് ഭൂമി വാങ്ങിയെങ്കിലും വീട് നിർമ്മാണം ആരംഭിച്ചിട്ടില്ല.

ഈ ന്യൂനതകൾ 28.01.2017ലെ 38-ാം നമ്പർ ഓഡിറ്റ് അന്വേഷണം മുഖേന നിർവ്വഹണോദ്യോഗസ്ഥനെ അറിയിച്ചിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ടി ക്രമനമ്പർ 1,2 എന്നിവ പ്രകാരം 220200/- രൂപ ഓഡിറ്റിൽ അ ഗീകരിക്കുന്നില്ല. ടിയാളുകളുടെ അസ്സൽ ആധാരം സൂക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും വാങ്ങിയ വസ്തു പേരിൽ കൂട്ടിയതിന്റെയും ടി ഭൂമിയിൽ വീട് നിർമ്മാണം ആരംഭിച്ചതിന്റെയും രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 3-18 മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ച് പ്രോജക്റ്റ് നടപ്പാക്കി

പ്രോജക്റ്റ് നം :131/16

ചെലവ് : 247500

നിർവ്വഹണം: പ്രോജക്റ്റ് ഓഫീസർ,ദാരിദ്ര്യ ലഘൂകരണ വിഭാഗം

ബയോഗ്യാസ് പ്ലാന്റിന് സബ്സിഡി എന്ന പ്രോജക്റ്റ് പ്രകാരം, വാർഡ് സഭയുടെ ലിസ്റ്റിലുള്ള 55 ഗുണഭോക്താക്കൾ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചതിന്, സബ്സിഡി 4500/- രൂപ നിരക്കിൽ ആകെ 247500/- രൂപ (ഡി.ഡി.നമ്പർ 076543/ 25.01.2016 ) അനർട്ടിന്റെ അംഗീകൃത ഏജന്റായ ശ്രീ.മോഹൻകുമാർ, ശ്രീനിലയം, കണ്ണമംഗലം, ചെട്ടികുളങ്ങര എന്ന വ്യക്തിയ്ക്ക് നല്കിയിട്ടുണ്ട്.

ഈ പ്രോജക്ട് നടപ്പാക്കിയതിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. 12-ാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ ശുചിത്വമിഷന്റെ സാങ്കേതികസഹായത്തോടെ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് സർക്കാർ നിർദ്ദേശം. 50% സർക്കാർ വിഹിതം, 25% ശുചിത്വമിഷൻ വിഹിതം 25% ഗുണഭോക്തൃവിഹിതം എന്നിങ്ങനെ ഫണ്ട് വകയിരുത്തിയാണ് നടപ്പാക്കേണ്ടത്. സംസ്ഥാനവിഹിതം ശുചിത്വമിഷനിൽ നിന്ന് തദ്ദേശസ്വയംഭരണസ്ഥാപനത്തിന് ലഭിക്കുന്നതും സ്ഥാപനം ചെലവഴിക്കുന്നതുമാണ്. ഗുണഭോക്തൃവിഹിതമാകട്ടെ, ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ ഒടുക്കുകയും തദ്ദേശസ്വയംഭരണസ്ഥാപനം ചെലവഴിക്കുകയും ചെയ്യേണ്ടതാണ്. ഇവിടെ പ്രോജക്ടിന് ശുചിത്വമിഷനാണ് സാങ്കേതികാനുവാദം നല്കേണ്ടത്. എന്നാൽ നഗരസഭ ബയോഗ്യാസ് പ്രോജക്ട് നടപ്പാക്കിയത് ടി നിർദ്ദേശപ്രകാരമല്ല. ശുചിത്വമിഷൻ സാങ്കേതികാനുവാദം നല്കാത്തതിനെത്തുടർന്ന് അപ്പീൽ മുഖേന അംഗീകാരം വാങ്ങിയാണ് 2014-15ൽ ഈ പ്രോജക്ട് നടപ്പാക്കിയത്. തുടർന്ന് 2015-16 ൽ സ്പിൽ ഓവറായി പ്രോജക്ട് തുടരുകയായിരുന്നു. അനർട്ട് മുഖേനയാണ് പ്രോജക്ട് നടപ്പാക്കിയത്. 2014-15 ലെ പ്രോജക്ട് ഫോറത്തിൽ അനർട്ട് മുഖേനയാണ് പദ്ധതി നടപ്പാക്കുന്നതെന്നും യൂണിറ്റ് കോസ്റ്റ് 18000/- രൂപയാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അനർട്ട് കേന്ദ്ര സംസ്ഥാനസർക്കാരുകളുടെ സബ്സിഡി ഉപയോഗപ്പെടുത്തി ബയോഗ്യാസ് പ്ലാന്റുകൾ നടപ്പാക്കുന്നുണ്ടെങ്കിലും അനർട്ട് മുഖേന തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രോജക്ട് നടപ്പാക്കുവാൻ സർക്കാർ നിർദ്ദേശമില്ല. മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പ്രോജക്ട് നടപ്പാക്കുന്നതിന് സർക്കാരിന്റെ അനുവാദം വാങ്ങിയിട്ടുമില്ല.

2. അനർട്ടുമായി നഗരസഭ കരാറിൽ ഏർപ്പെട്ടിട്ടില്ല.

3. അംഗീകൃത പ്രോജക്ടിൽ ധനകാര്യവിശകലനം - സംസ്ഥാനസർക്കാർ വിഹിതം, ഗുണഭോക്തൃവിഹിതം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. സംസ്ഥാനസർക്കാർ വിഹിതം, ഗുണഭോക്തൃവിഹിതം എന്നിവ നഗരസഭ മുഖേന ചെലവഴിച്ചിട്ടില്ല. നിലവിലെ രീതിയിൽ നിന്നും വ്യത്യസ്തമായി പ്രോജക്ട് നടപ്പാക്കിയതിനാൽ സർക്കാർ വിഹിതം ചെലവഴിച്ചിട്ടുണ്ടോയെന്നും, എത്ര രൂപ ചെലവഴിച്ചെന്നും ഉറപ്പാക്കാനായില്ല. ഗുണഭോക്തൃവിഹിതം നഗരസഭയിൽ ഒടുക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള വരവ്ചെലവിന്റെ കൃത്യത ഉറപ്പാക്കാനായില്ല.

4. ഗുണഭോക്താക്കളുടെ അപേക്ഷ, അർഹതാരേഖകൾ എന്നിവ ഹാജരാക്കിയില്ല.

5. സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റിന്റെ അളവ്, യൂണിറ്റ് കോസ്റ്റ് എന്നിവ എത്രയാണെന്ന വിവരം ഫയലിൽ നിന്നും വ്യക്തമല്ല. സ്ഥാപിച്ച യൂണിറ്റിന്റെ ബില്ല്, മറ്റ് ചെലവ് രേഖകൾ എന്നിവ പരിശോധിക്കാതെ സബ്സിഡി അനുവദിക്കുകയാണുണ്ടായത്.

6. ടി ശ്രീ.മോഹൻകുമാറിന്റെ അപേക്ഷ പ്രകാരം തുക നല്കിയതല്ലാതെ പ്രോജക്ട് സംബന്ധിച്ച ഒരു രേഖകളും ഫയലിൽ ഇല്ല.

താരതമ്യേന കുറഞ്ഞ ചെലവിൽ (8000-13500) ശുചിത്വമിഷൻ മുഖേന നടപ്പാക്കാവുന്ന ബയോഗ്യാസ് പ്ലാന്റിന് വേണ്ടി കൂടിയ നിരക്കിൽ പ്രോജക്ട് നടപ്പാക്കിയത് കാരണം നഗരസഭയ്ക്ക് കൂടുതൽ തുക ചെലവഴിക്കേണ്ടിവന്നിട്ടുണ്ട്. (നഗരസഭ നടപ്പാക്കിയ ബയോഗ്യാസ് പ്ലാന്റിന്റെ അളവ് എത്രയാണെന്ന് വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ നഷ്ടം കണക്കാക്കുവാൻ സാധിക്കുന്നില്ല.) വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം :42/30.01.17) മറുപടി നല്കിയില്ല.

ടി ന്യൂനതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 247500/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-19 സേവനനികുതി - വരവിന്റെയും ചെലവിന്റെയും കൃത്യത ഉറപ്പാക്കാനാവശ്യമായ രേഖകളില്ല

ഇന്ത്യൻ ധനകാര്യ നിയമം 1994 പ്രകാരം നഗരസഭ നല്കുന്ന വിവിധ സേവനങ്ങൾക്ക് സേവനം കൈപ്പറ്റുന്ന വ്യക്തിയിൽ നിന്നും വാടക/ഫീസ് ഈടാക്കുന്നതോടൊപ്പം അതത് കാലങ്ങളിലെ സർക്കാർ

നിരക്കനുസരിച്ച് സേവനനികുതി കൂടി ഈടാക്കി തൊട്ടടുത്ത മാസം 5-ാം തീയതിയ്ക്ക് മുൻപായി സെൻട്രൽ എക്സൈസ് വകുപ്പിലേക്ക് അടയ്ക്കേണ്ടതാണ്. സ്ഥാവരവസ്തുക്കളായ ഭൂമി, കെട്ടിടം എന്നിവ വാടകയ്ക്ക് നല്കുക, ക്ലീനിംഗ് സർവ്വീസ് എന്നിവയാണ് സേവനനികുതി ഈടാക്കേണ്ട ഇനങ്ങൾ. ഈ സേവനങ്ങൾക്ക് കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ സേവനനികുതി ഈടാക്കുന്നുണ്ടോ എന്നും ഈടാക്കുന്ന നികുതി ഒടുക്കുവരുത്തുന്നുണ്ടോ എന്നും പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകൾ നഗരസഭ സൂക്ഷിക്കുന്നില്ല. നഗരസഭയുടെ വാർഷികക്കണക്ക് പ്രകാരം സേവനനികുതിയുടെ ഹെഡിൽ (സാംഖ്യ അക്കൗണ്ട് ഹെഡ് 350300500) 2015-16 ൽ 636599/-രൂപ വരവും 725613/- രൂപ ചെലവും ഉണ്ട്. ടി ഹെഡിൽ ലഭിക്കുന്ന വരവ് തൊട്ടടുത്ത മാസം 5-ാം തീയതിയ്ക്ക് മുൻപ് ഒടുക്കുവരുത്തുന്നുണ്ട് എന്നതല്ലാതെ ഏതെല്ലാം ഇനങ്ങളുടെ സേവനനികുതിയാണ് ഒടുക്കിയത് എന്ന് പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ എഴുതിയോ കംപ്യൂട്ടറിൽ രേഖപ്പെടുത്തിയോ തയ്യാറാക്കുന്നില്ല. അതുകൊണ്ട് തന്നെ സേവനനികുതി ഈടാക്കിയതിന്റെയും ഒടുക്കിയതിന്റെയും കൃത്യത ഉറപ്പാക്കാനാകുന്നില്ല. നഗരസഭയുടെ വാർഷികക്കണക്കിൽ ഹെഡ് മാറി പോസ്റ്റ് ചെയ്യുക തെറ്റായി ഡിമാന്റ് ചേർക്കുക തുടങ്ങിയ പ്രവണതകൾ കാണുന്നതിനാൽ ഈടാക്കുന്ന സേവനനികുതിയുടെ കൃത്യത ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്.

നഗരസഭയുടെ 2015-16 ലെ വാർഷികക്കണക്ക് പ്രകാരം സേവനനികുതി ബാധകമായ വരവുകൾ താഴെപ്പറയുന്നവയാണ്.

| അക്കൗണ്ട് ഹെഡ് | ഇനം | തുക |
|---|---|---|
| 130100200 | ടൗൺഹാൾ വാടക | 96500 |
| 130101100 | കോൺഫറൻസ് ഹാൾ വാടക | 4500 |
| 140500900 | പബ്ലിക് സാനിട്ടേഷൻ ചാർജ്ജ് | 452200 |
| 140501000 | മാർക്കറ്റ് ഫീസ് | 260833 |
| 140501100 | ബസ് സ്റ്റാന്റ് ഫീസ് | 1058333 |
| 340200100 (*) | വാടക ഡെപ്പോസിറ്റ് | 309600 |
| 340200200 (*) | ലേലം ഡെപ്പോസിറ്റ് | 850500 |
| 431400101 | മറ്റ് സൗകര്യങ്ങളുടെ വാടക(തൻവർഷം) | 2570164 |
| 431400102 | മറ്റ് സൗകര്യങ്ങളുടെ വാടക(കുടിശ്ശിക) | 590560 |
| 431400107 | തറവാടക(തൻവർഷം) | 46918 |
| 431400108 | തറവാടക (കുടിശ്ശിക) | 4459 |
| | ആകെ | 6244567 |

(വാടക, ലേലം എന്നിവയുടെ ഡെപ്പോസിറ്റ് തുക അതത് ഇനങ്ങളിലെ അവസാനഗഡുവായി ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് 'സാംഖ്യ'യിൽ ബന്ധപ്പെട്ട വരവ് ഹെഡിൽ ഉൾപ്പെടുത്തി ക്രമീകരിച്ചിട്ടില്ല. അതിനാൽ ഈ ഇനങ്ങളുടെ ഡെപ്പോസിറ്റ് തുക കൂടി ഇവിടെ സേവനനികുതി ബാധകമായ ആകെ വരവിന് പരിഗണിക്കുന്നു)

വാർഷികക്കണക്ക് പ്രകാരം 2015-16 ൽ ടി 6244567/-രൂപയ്ക്ക് സേവനനികുതി ഈടാക്കേണ്ടതാണ്. 2015-16ൽ - 2015 മെയ് വരെ 12.36%, മെയ് മുതൽ നവംബർ 15 വരെ 14%, നവംബർ മുതൽ 2016 മാർച്ച് വരെ 14.5% എന്നിങ്ങനെയാണ് സേവനനികുതിനിരക്ക്. 2015-16 ലെ ഏറ്റവും കുറഞ്ഞ നിരക്കായ 12.36% എന്ന നിരക്കിൽ കണക്കാക്കിയാൽത്തന്നെ സേവനനികുതിയിനത്തിൽ 771828/- രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഈ ഇനത്തിൽ 636599/-രൂപ മാത്രമാണ് ഈടാക്കിയത്. 2015-16 ലെ കുറഞ്ഞ നിരക്ക് (12.36%)പരിഗണിച്ചാൽപ്പോലും 135229/-(771828-636599) രൂപ ഈ ഇനത്തിൽ കുറവായിട്ടാണ് ഈടാക്കിയത്. 2015-16 ൽ 14%, 14.5% എന്നിങ്ങനെ വ്യത്യസ്ത നിരക്ക് ആയതിനാൽ വരവ് തീയതിയ്ക്ക് അനുസരിച്ച് കൃത്യമായി കണക്കാക്കിയാൽ, കുറവ് വന്ന സേവനനികുതി 135229/- രൂപയേക്കാൾ കൂടുതലായിരിക്കും. സേവനനികുതിയിനത്തിൽ വാടകക്കാരിൽ നിന്നും/സേവനം കൈപ്പറ്റിയ വ്യക്തിയിൽ നിന്നും ഈടാക്കാത്ത തുക നഗരസഭയുടെ ബാധ്യതയാണ്. വാർഷികക്കണക്ക് പ്രകാരം സെൻട്രൽ എക്സൈസ് നികുതി ഡിമാന്റ് ചെയ്യുമ്പോൾ നഗരസഭയ്ക്ക് വ്യക്തമായ കണക്കുകളില്ലാത്തതിനാൽ നഗരസഭ ഫണ്ട് ഇക്കാര്യത്തിനായി വിനിയോഗിക്കേണ്ടതായി വരുന്ന സ്ഥിതിയുണ്ടാകും. ഇക്കാര്യത്തിലെ അധികച്ചെലവ് ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്. ആവശ്യമായ വിവരങ്ങൾ ചേർത്ത് രജിസ്റ്റർ കാലികമാക്കേണ്ടതും, കുറവ് സംഭവിച്ച തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 3-20 വെള്ളക്കരം നഗരസഭയ്ക്ക് വൻ ബാദ്ധ്യത

വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ അടവാക്കേണ്ട തുക യഥാസമയം ഒടുക്കുവരുത്താതെ തുടരുന്നതിനാൽ ഈ ഇനത്തിൽ നഗരസഭയ്ക്ക് വൻബാദ്ധ്യതയുണ്ടായിത്തീർന്നിരിക്കുന്നു. നിലവിൽ 31.01.2017–ൽ 30240572/- രൂപ നഗരസഭ വാട്ടർ അതോറിറ്റിയിൽ അടവാക്കേണ്ടതുണ്ട്. ഈ കുടിശ്ശിക ഒഴിവാക്കുന്നതിനോ വാട്ടർ അതോറിറ്റി ഓരോ മാസവും ഡിമാന്റ് ചെയ്യുന്നതിന്റെ കൃത്യത ഉറപ്പാക്കുന്നതിനോ ആവശ്യമായ ഒരു നടപടിയും നഗരസഭാധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല.

നഗരസഭ 09.02.15 ൽ തയ്യാറാക്കിയ കണക്ക് ( E1- 12546/08 ഫയൽ ) പ്രകാരം ആകെ 421 ടാപ്പുകളാണുള്ളത്. ഇതിൽ 360 എണ്ണം മാത്രമാണ് പ്രവർത്തിക്കുന്നത്. നഗരസഭ കണക്കാക്കിയ ഈ വിവരം വാട്ടർ അതോറിറ്റിയെ ബോദ്ധ്യപ്പെടുത്തുന്നതിന് ശ്രമിച്ചിട്ടില്ല. സംയുക്തപരിശോധന നടത്തി കുടിവെള്ള ടാപ്പുകളുടെ എണ്ണം കണക്കാക്കുന്നതിന് നഗരസഭ ഇടയ്ക്കിടെ വാട്ടർ അതോറിറ്റിയ്ക്ക് കത്ത് കൊടുത്തിട്ടുണ്ടെങ്കിലും ടാപ്പുകളുടെ കൃത്യത കണക്കാക്കി വരുമാനനഷ്ടം കുറയ്ക്കുന്നതിന് വേണ്ട ഒരു തുടർനടപടിയും നാളിതുവരെയും സ്വീകരിച്ചിട്ടില്ല. മാത്രമല്ല, വാട്ടർ അതോറിറ്റി സംയുക്തപരിശോധനയ്ക്ക് തയ്യാറായി വന്നപ്പോൾ അതിനോട് പൂർണ്ണമായി സഹകരിക്കാതിരിക്കുക കൂടി ചെയ്തു.

വാട്ടർ അതോറിറ്റിയുടെ കണക്ക് പ്രകാരം 430 ടാപ്പുകൾക്കാണ് വാട്ടർ അതോറിറ്റി വെള്ളക്കരം കണക്കാക്കുന്നത്. ടാപ്പ് ഒന്നിന് 7884/- രൂപ നിരക്കിൽ 3390120 രൂപയാണ് 2015-16 ൽ വെള്ളക്കരം ഇനത്തിൽ നഗരസഭയുടെ ബാദ്ധ്യത. എന്നാൽ വാട്ടർ അതോറിറ്റി, ഈ തുകയുടെ 1/12എന്ന കണക്കിൽ ഓരോ മാസത്തെയും ഡിമാന്റ് (282510 രൂപ) നിശ്ചയിക്കുകയും ഓരോ മാസത്തെയും തുക കൃത്യ ദിവസത്തിനുള്ളിൽ അടയ്ക്കാതിരുന്നാൽ 2% നിരക്കിൽ പലിശ കൂടി കണക്കാക്കി തൊട്ടടുത്ത മാസത്തെ വെള്ളക്കരത്തിനോട് ചേർത്ത് ഡിമാന്റ് കണക്കാക്കുകയും ചെയ്യുന്നു. വർഷങ്ങളായി വെള്ളക്കരം അടയ്ക്കാതെ തുടരുന്നതിനാൽ വൻ തുക പലിശയിനത്തിൽത്തന്നെ ഓരോ മാസവും നഗരസഭയുടെ ബാദ്ധ്യതയാകുന്നുണ്ട്. ഈ പലിശ ബാദ്ധ്യതയെപ്പറ്റി നഗരസഭാധികൃതർ ശ്രദ്ധിക്കുന്നതേയില്ല. നിലവിൽ ഒരു മാസത്തെ വെള്ളക്കരത്തിന്റെ ( 282510 രൂപ) രണ്ട് ഇരട്ടിയിലധികം തുക പലിശയിനത്തിലാണ് അടയ്ക്കേണ്ടത്.

വെള്ളക്കരത്തിന്റെ ഗൗരവം വ്യക്തമാക്കുന്നതിന് 2017 ജനുവരി മാസത്തെ ഡിമാന്റ് നോട്ടീസ് വിവരം ചുവടെ ചേർക്കുന്നു.

31.12 .2016 വരെ അടയ്ക്കാനുള്ള തുക __ 29381628 (മുൻ മാസം വരെയുള്ള പലിശ സഹിതം)

01/2017 പലിശ (2%) __ 576434

2017 ലെ ഡിമാന്റ് __ 282510

31.01.2017 വരെ അടയ്ക്കേണ്ട തുക __ 30240572

വെള്ളക്കരം അടയ്ക്കാതെ തുടർന്നാൽ 2017 ലെ ഓരോ മാസവും 6 ലക്ഷത്തിനടുത്ത് പലിശ ബാദ്ധ്യതയുണ്ടാകുന്നതാണ്. പ്രവർത്തിക്കാത്ത ടാപ്പുകളുടെ കരം ഒടുക്കുന്ന സ്ഥിതിവിശേഷം മാത്രമല്ല, ആകെ ടാപ്പുകളുടെ വെള്ളക്കരത്തിന്റെ രണ്ടിരട്ടിയിലധികം തുക പലിശയും ഒടുക്കേണ്ടിവരുന്നു. നഗരസഭാഭരണസമിതി ഈ വിഷയം അടിയന്തിരപ്രാധാന്യത്തോടെ പരിഹരിക്കേണ്ടതാണെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-21 എസ്.സി.പി.ഫണ്ടിന്റെ ചെലവ് ക്രമപ്രകാരമല്ല

| പ്രോജക്ട് നം: /പേര് | ചെലവ് തുക | ഫണ്ടിനം | ഡി.ഡി. നം: |
|---|---|---|---|
| 241/15<br>മാലിന്യസംസ്കരണം ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ ഓഹരി വാങ്ങൽ | 1500000 | വികസന ഫണ്ട് എസ്.സി.പി. | 079310/05.04.2016 |
| 243/15<br>കേരള സാമൂഹ്യമിഷൻ പ്രവർത്തനങ്ങൾക്ക് സംഭാവന | 1000000 | വികസന ഫണ്ട് എസ്.സി.പി. | 079308/05.04.2016 |

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ സ.ഉ.(എം.എസ് ) 362/2013/ത .സ്വ .ഭ.വ. തീയതി 16.11.2013 ഖണ്ഡിക 9 ൽ എസ്.സി.പി./ ടി.എസ്. പി. പ്രോജക്ടുകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ വിവരിക്കുന്നു. ഈ മേഖലയിൽ കുടുംബകേന്ദ്രീകൃത സമീപനത്തിൽ ഓരോ കുടുംബത്തിന്റെയും സാമൂഹിക, സാമ്പത്തിക വികസനത്തിന് ഊന്നൽ കൊടുത്തുകൊണ്ട് വേണം പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. ഇതിനാവശ്യമായ പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനാണ് സർക്കാർ എസ്.സി.പി.ഫണ്ട് നല്കുന്നത്. എസ്.സി.കുടുംബങ്ങൾക്ക് എല്ലാവിധ ആനുകൂല്യങ്ങളും നല്കിക്കഴിഞ്ഞതിനാൽ ഫണ്ട് വിനിയോഗിക്കാനാകാതെ വന്നാൽ കാരണങ്ങൾ രേഖപ്പെടുത്തി പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രത്തോടെ തുക തിരിച്ചടയ്ക്കാവുന്നതുമാണ്. അതേ സമയം പൊതുവായ ആവശ്യങ്ങൾക്ക് വേണ്ടി എസ്.സി.പി. ഫണ്ട് വിനിയോഗിക്കാനാകുന്നതുമല്ല. സർക്കാർ വ്യക്തമായ നിർദ്ദേശങ്ങൾ നല്കിയിട്ടും ടി പ്രൊജക്ടുകൾക്ക് വേണ്ടി എസ്.സി.പി. ഫണ്ട് ചെലവഴിച്ചത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി എസ്.സി.പി.ഫണ്ട് വിനിയോഗിക്കരുതെന്ന പ്രത്യേകനിർദ്ദേശം ഇല്ലാതിരുന്നതിനാലാണ് ഇപ്രകാരം ചെലവഴിച്ചതെന്ന് മറുപടി നല്കി. ഈ മറുപടി അംഗീകരിക്കത്തക്കതല്ല. ചെലവ് തുക 25,00,000/-രൂപ തടസ്സപ്പെടുത്തുന്നു. എസ്.സി.പി.ഫണ്ട് വകമാറ്റി ചെലവഴിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ക്രമീകരിക്കേണ്ടതാണ്.

## 3-22 പട്ടികജാതി കുട്ടികളുടെ എണ്ണം കണക്കാക്കാതെ എസ്.എസ്.എ.യ്ക്ക് വേണ്ടി എസ്.സി.പി. വിഹിതം ചെലവഴിച്ചു

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ സ.ഉ.(എം.എസ് ) 362/2013/ത .സ്വ .ഭ.വ. തീയതി 16.11.2013 ഖണ്ഡിക 8 ൽ എസ്.എസ്.എ. പ്രോജക്ടിന് ആവശ്യമായ തുക വികസനഫണ്ടിൽ നിന്നും നിർബന്ധമായി

വകയിരുത്തണമെന്ന് നിർദ്ദേശിക്കുന്നു. ടി ഖണ്ഡിക 8 ന്റെ കുറിപ്പിൽ, വിദ്യാലയത്തിലെ വ്യത്യസ്തവിഭാഗം കുട്ടികളുടെ എണ്ണത്തിന്റെ അനുപാതത്തിൽ വികസനഫണ്ടിന്റെ പൊതുവിഭാഗം, പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഹിതങ്ങൾ വകയിരുത്തുന്നതിനും അനുവദിച്ചിട്ടുണ്ട്. ടി വിഹിതങ്ങൾ വകയിരുത്തുമ്പോൾ അതത് വിഭാഗം കുട്ടികളുടെയും എണ്ണവും ശതമാനവും സംബന്ധിച്ച് സ്കൂൾ ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രം നിർബന്ധമായും ഉണ്ടായിരിക്കേണ്ടതുണ്ട്. ഈ നിർദ്ദേശം പാലിക്കാതെയാണ് പ്രോജക്ട് നം: 09/16 നമ്പർ പ്രോജക്ടിന് വേണ്ടി വികസനഫണ്ട് - എസ്.സി.പി.യിൽ നിന്നും 2,00,000/-രൂപ (ഡി.ഡി.നം: 840141/17.10.15) ചെലവഴിച്ചിരിക്കുന്നത്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ എസ്.സി.പി. ഫണ്ട് ചെലവഴിച്ചതിനാൽ, പട്ടികജാതിക്കാരുടെ ഉന്നമനത്തിന് വേണ്ടി ലഭിച്ച വികസനഫണ്ട് പ്രസ്തുത ആവശ്യത്തിനായി വിനിയോഗിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാനായില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് എസ്.എസ്.എ. പ്രോജക്ട് ഓഫീസറുടെ ബജറ്റ് പ്രകാരമാണ് തുക അനുവദിച്ചതെന്ന് മാത്രമാണ് മറുപടി നല്കിയത്. ഇവിടെ ഫണ്ട് വക മാറ്റി ചെലവഴിക്കുകയാണ് ചെയ്തതെന്ന് വ്യക്തമാണ്.

ഭാവിയിൽ എസ്.സി.പി.ഫണ്ട് ചെലവഴിക്കുന്നത് പട്ടികജാതിവിഭാഗത്തിന് പ്രയോജനപ്പെടുന്ന വിധത്തിൽ മാത്രമാണെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-23 കേന്ദ്രാവിഷ്കൃത പദ്ധതിക്കായി വന്ന തുക കൈമാറാതെ തനതു ഫണ്ട് നിക്ഷേപമാക്കി (ഫയൽ നം.CDS.8333/08)

കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്.ജെ.എസ്.ആർ.വൈ. യ്ക്കായി 2005-06 വർഷം സംസ്ഥാന കുടുംബശ്രീ മിഷനിൽ നിന്നും എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.09.2006 ലെ K.S.C.150/2006 ഉത്തരവു പ്രകാരം 7,36,000/- രൂപ ലഭിച്ചു. എന്നാൽ ഈ തുക കുടുംബശ്രീക്ക് കൈമാറാതെ നഗരസഭയുടെ തനതു ഫണ്ടിൽ നിക്ഷേപിച്ച് ചെലവുകൾക്കായി വിനിയോഗിച്ചു.

2013 മാർച്ചിൽ ഈ പദ്ധതി അവസാനിപ്പിച്ചതിനാൽ നാളിതുവരെയുള്ള നീക്കിയിരിപ്പ് തിരികെയടയ്ക്കുവാൻ കുടുംബശ്രീ മിഷനിൽ നിന്നും 28.12.16ലെ 6131/F/2015/KSHO നമ്പരായുള്ള ഓർമ്മക്കുറിപ്പ് ഉൾപ്പെടെ നിരവധി നിർദ്ദേശം ലഭിച്ചിട്ടും അത് പാലിക്കാതെ, നഗരസഭയ്ക്ക് പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ 4 കോടിയിൽപ്പരം രൂപ ലഭിക്കുവാനുണ്ടെന്നും ശമ്പളവും പെൻഷനും കൊടുക്കുവാൻ കഴിയാത്ത നഗരസഭയ്ക്ക് ടി തുക അനുവദിച്ചു തരുന്ന മുറയ്ക്ക് എസ്.ജെ.എസ്.ആർ .വൈ യുടെ തുക അടയ്ക്കാവുന്നതാണെന്നും ചെയർപേഴ്സൺ 03.01.17 – ൽ CDS.8333/08നം. ഫയലിൽ നോട്ട് എഴുതിയിരിക്കുന്നു.

കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങളും ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരുമായ അനേകം തൊഴിൽരഹിതർ നഗരസഭാ പരിധിയിലുള്ളപ്പോൾ അവർക്കായി ഈ തുക വിനിയോഗിക്കാതെ തനതുഫണ്ടിൽ നിക്ഷേപിച്ചതിനും ചെലവഴിച്ചതിനും വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം. 13/23.01.2017 ന് മറുപടി നല്കിയില്ല. കേന്ദ്രാവിഷ്കൃത പദ്ധതിക്കായി വന്ന തുക കൈമാറാതെ തനതു ഫണ്ട് നിക്ഷേപമാക്കിയ നടപടി അംഗീകരിക്കാവുന്നതല്ല. തുക അടിയന്തിരമായി കുടുംബശ്രീ മിഷനിൽ തിരികെയടയ്ക്കേണ്ടതാണ്.

## 3-24 നഗരസഭയ്ക്ക് ബാദ്ധ്യതയില്ലാത്ത കടമുറിയുടെ കറണ്ട് ചാർജിനത്തിൽ അനധികൃത ചെലവ്

കൺസ്യൂമർ നം. 15837 പ്രകാരമുള്ള കറണ്ട് കണക്ഷൻ മാവേലിക്കര ബസ് സ്റ്റാന്റിനുള്ളിലെ അനൗൺസ്മെന്റ് കേന്ദ്രത്തിന്റേതാണ്. നിലവിൽ മുനിസിപ്പൽ ബസ് സ്റ്റാന്റ് ഫീസ് പിരിവ് ലേലത്തിനെടുത്ത പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റായ ശ്രീ. വിജകുമാറിന്റെ ഉത്തരവാദിത്തമാണ് ഈ മുറിയുടെ വൈദ്യുതി ചാർജ് അടയ്ക്കുക എന്നുള്ളത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, മാവേലിക്കര ഇലക്ട്രിക്കൽ സെക്ഷന്റെ ഡിസ്കണക്ഷൻ നോട്ടീസ് ലഭിച്ചതിനെ തുടർന്ന് ചെക്ക് നം. 11756/11.08.16 പ്രകാരം 8662/- രൂപ നഗരസഭ വൈദ്യുതി ചാർജ് അടച്ചു. വൈദ്യുതി ചാർജ് ഒടുക്ക് സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലാണ് ഇത് നഗരസഭയുടെ ബാദ്ധ്യതയായി മാറിയത് .

വൈദ്യുതി ചാർജ് ഒടുക്കുവാൻ നഗരസഭയ്ക്ക് ബാദ്ധ്യതയില്ലാത്ത കെട്ടിടത്തിന്റെ വൈദ്യുതി ചാർജിനത്തിൽ അനധികൃത ചെലവ് വരുത്തിയതിന് കാരണവും കമ്മിറ്റി തീരുമാനവും ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം. 7 / 21.01.2017 നല്കിയിരുന്നുവെങ്കിലും മറുപടി നല്കിയിട്ടില്ല.

നഗരസഭാ ഫണ്ടിൽ നിന്നും വന്ന അനധികൃത ചെലവ് ലേലം കൊണ്ട വ്യക്തിയിൽ നിന്നും ഈടാക്കേണ്ടതാണ്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർ കാലയളവിൽ വ്യക്തമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മാത്രം കടമുറികൾ ലേലം ചെയ്യേണ്ടതാണ്.

## 3-25 ആശ്രയ ഗുണഭോക്താക്കളെ അവഗണിക്കുന്നു

മുനിസിപ്പാലിറ്റിയിൽ ആശ്രയ പദ്ധതി ആരംഭിച്ചത് 2007-08 വർഷമായിരുന്നു. 2007-08 വർഷം ആരംഭിച്ച് 2010-11 വർഷം അവസാനിക്കത്തക്ക വിധമാണ് പദ്ധതി ആവിഷ്കരിച്ചത്. ആദ്യ ഘട്ടത്തിൽ 18 ഗുണഭോക്താക്കൾ ഉണ്ടായിരുന്നു. 29.03.2010-ൽ റീവിസിറ്റ് നടത്തി പുനക്രമീകരിച്ച പദ്ധതി പ്രകാരം 17 അഗതി കുടുംബങ്ങളാണുള്ളത്. ഒരാൾക്ക് വീട് നിർമ്മിച്ച് നല്കിയത് ഒഴികെ ഭക്ഷണ വിതരണം നടത്തുക മാത്രമാണ് നാളിതുവരെയും ചെയ്തുവരുന്നത്. 2014-17 കാലയളവിൽ നടപ്പിലാക്കുന്നതിനായി 50 അഗതി കുടുംബങ്ങളെ ഉൾപ്പെടുത്തി രണ്ടാം ഘട്ട പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചുവെങ്കിലും പ്രവർത്തനം ഭക്ഷണ വിതരണത്തിൽ ഒതുങ്ങി.

ആശ്രയ പദ്ധതിയ്ക്കായി ലഭ്യമായ ചലഞ്ച് ഫണ്ട്, വികസന ഫണ്ട് എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ഒന്നാം ഘട്ട പദ്ധതി | |
|---|---|---|
| | വരവ് | ചെലവ് |
| ചലഞ്ച് ഫണ്ട് | 1440000 | 352933 |
| | 2837500 | 1622500 |

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ നിർബന്ധമായും നടപ്പിലാക്കേണ്ട പ്രോജക്ടുകളുടെ ഗണത്തിലാണ് അഗതി ആശ്രയ പദ്ധതി ഉൾപ്പെടുത്തിയിട്ടുള്ളത്. ആശ്രയ പദ്ധതിയ്ക്ക് തുക വകയിരുത്തിയില്ലെങ്കിൽ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകില്ലായെന്നുള്ളത് ആശ്രയ പദ്ധതിയ്ക്ക് സർക്കാർ നൽകുന്ന പ്രാധാന്യത്തിന്റെ തെളിവാണ്. വാർഷിക പദ്ധതിയിൽ ആശ്രയ പദ്ധതിയ്ക്ക് ചെറിയ തുക മാത്രമെ വകയിരുത്തുന്നുള്ളൂ. അഗതികളോട് നഗരസഭ അധികൃതർ പുലർത്തുന്ന അവഗണനയായി മാത്രമേ ഇതിനെ കാണാൻ കഴിയൂ. ഓഡിറ്റ് വർഷം 200000/- രൂപ മാത്രമാണ് വികസന ഫണ്ടിൽനിന്നും വകയിരുത്തി നൽകിയത്. ഓഡിറ്റ് തീയതിയിൽ 3269982/- രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്.

ആശ്രയ പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് മുനിസിപ്പാലിറ്റിയും, സി.ഡി.എസും സത്വരനടപടി സ്വീകരിക്കേണ്ടതും, വാർഷിക പദ്ധതിയിൽ വ്യക്തിഗത ആനുകൂല്യം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ആശ്രയ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 3-26 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ- അവലോകനം

മുനിസിപ്പാലിറ്റിയുടെ പരിധിയിൽ ആകെ 28 അങ്കണവാടികൾ ഉള്ളതിൽ 3എണ്ണം സ്വന്തം കെട്ടിടത്തിലും 22 എണ്ണം വാടക കെട്ടിടത്തിലും 3 എണ്ണം സ്കൂളുകളോടനുബന്ധിച്ചും പ്രവർത്തിക്കുന്നു. AWC-98, 128 എന്നീ അങ്കണവാടികൾക്കുള്ള കെട്ടിടം പണി 2015-16 ൽ നടന്നുവരുന്നു. എല്ലാ അങ്കണവാടികൾക്കും ശുചിമുറി, കുടിവെള്ള സൗകര്യം എന്നിവയുണ്ട്. ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് ഒരു അങ്കണവാടിക്ക് മാത്രമാണുള്ളത്. AWC-104, 126 എന്നിവയ്ക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളും പ്രവർത്തനവും പൊതുവെ തൃപ്തികരമാണ് എങ്കിലും ഇനിയും സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാതെ അങ്കണവാടികൾ വാടക കെട്ടിടങ്ങളിൽ തുടരുന്നത് ഒരു പോരായ്മയാണ്. ഇതിനുള്ള പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധന - അപാകങ്ങൾ

1. വിവിധ വരവിനങ്ങൾക്ക് കൃത്യമായ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല. അതിനാൽ ഈ ഇനങ്ങളുടെ വരവുകളുടെ കൃത്യത വാർഷിക കണക്കുമായി പരിശോധിക്കാൻ സാധിക്കുന്നില്ല.
2. വസ്തു നികുതി ഇനത്തിൽ 2014-15 വർഷത്തെ ഷെഡ്യൂൾ B-15 പ്രകാരം പിരിച്ചെടുക്കേണ്ടിയിരുന്ന വസ്തു നികുതി (തൻ വർഷത്തെയും കുടിശ്ശികയും ഉൾപ്പടെ) 1161367/- രൂപയാണ്. എന്നാൽ 2015-16 വർഷത്തെ വാർഷിക കണക്കിലെ ഷെഡ്യൂൾ RP-37 പ്രകാരം പിരിച്ചെടുത്തിട്ടുള്ള തുക 1880202/- രൂപയാണ്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.
3. 2014-15 വർഷത്തെ ഷെഡ്യൂൾ B-15 പ്രകാരം പിരിച്ചെടുക്കേണ്ടിയിരുന്ന ഡി & ഒ ലൈസൻസ് തുക 1185261/- രൂപയാണ്. എന്നാൽ 2015-16 വർഷത്തെ B-15 ഷെഡ്യൂൾ പ്രകാരം പിരിച്ചെടുത്തിട്ടുള്ള തുക 77531/- രൂപയാണ്. വൻ തുക പിരിച്ചെടുക്കാനുള്ളതായി കാണുന്നു.
4. വസ്തു നികുതി ഇനത്തിലുള്ള വരവ് സഞ്ചയ സോഫ്റ്റ് വെയറിൽ പൂർണ്ണമായി രേഖപ്പെടുത്തി സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.
6. 2015-16 വർഷം വാട്ടർ അതോറിറ്റിയിൽ അടയ്ക്കേണ്ടിയിരുന്ന 30240572/- രൂപ ബാദ്ധ്യതയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല.
7. വാർഷിക കണക്ക് പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് ഇല്ല. എന്നാൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ 119276/- രൂപ വരവുള്ളതായി രേഖകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമായി. ടി തുക വിവിധ ഹെഡ് ഓഫ് അക്കൗണ്ടുകളിലായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

### 4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

--ഇല്ല--

### 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

### 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

### 4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവില്ല.

### 4-6. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 32,00,000/- |
| ആകെ | 32,00,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 32,00,000/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇക്വിറ്റി ഷെയർ | 32,00,000/- |
| ആകെ | 32,00,000/- |

## 4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ, തിയതി |
|---|---|---|---|---|
| 2012-13 | 3-1 | 14205 | പി.ഡാനിയേൽ, കോൺട്രാക്ടർ | 11501102743/26.06.2015 |
| | | 12875 | സണ്ണിതോമസ്, കോൺട്രാക്ടർ | 11501104265/13.08.2015 |
| | | 6556 | എൻ.വിജയരാജൻ, കോൺട്രാക്ടർ | 11501111483/22.03.2016 |
| | | 18303 | എൻ.വിജയരാജൻ, കോൺട്രാക്ടർ | 11501111484/22.03.2016 |
| | | 4420 | എൻ.വിജയരാജൻ, കോൺട്രാക്ടർ | 11501111485/22.03.2016 |
| | | 10727 | ബി.വേണുരാജൻ, കോൺട്രാക്ടർ | 11501111799/31.03.2016 |
| | | 10782 | വി. ഗോപിനാഥൻ പിള്ള, കോൺട്രാക്ടർ | 11501111813/31.03.2016 |
| | | 4535 | വി. ഗോപിനാഥൻ പിള്ള , കോൺട്രാക്ടർ | 11501111814/31.03.2016 |
| | | 2841 | വി. ഗോപിനാഥൻ പിള്ള , കോൺട്രാക്ടർ | 11501111815/31.03.2016 |
| | | 6405 | കെ.അനന്തരായൻ, കോൺട്രാക്ടർ | 11501111829/31.03.2016 |
| | | 9609 | കെ.അനന്തരായൻ, കോൺട്രാക്ടർ | 11501111830/31.03.2016 |

| | | | | |
|---|---|---|---|---|
| | | 18018 | കെ.അനന്തരായൻ, കോൺട്രാക്ടർ | 11501111831/31.03.2016 |
| ആകെ | | 119276 | | |

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 875,69,908 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 11,42,35,259 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 48,992 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 7,13,625 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 32,50,377 |

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-9 | 30992 | | ഡി. സാജു, സെക്രട്ടറി |
| 2-16 | 18000 | | ഡി. സാജു, സെക്രട്ടറി |
| 3-1 | | 3000 | ഷെന്യ സൂസൻ ചാക്കോ, സെക്ഷൻ ക്ലാർക്ക്,<br>എസ്. കുമാർ, ഹെഡ് ക്ലാർക്ക്<br>എൻ.കെ .കൃഷ്ണകുമാർ, സെക്രട്ടറി |
| 3-4 | | 2712 | ഡി. ദിനേശ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 3020 | |
| 3-6 | | 11050 | |
| 3-7 | | 9195 | |
| 3-8 | | 110328 | |
| 3-9 | | 17647 | |
| 3-10 | | 20000 | ഉഷാ ദേവി. വി. പി, |

| | | | |
|---|---|---|---|
| 3-12 | | 270000 | എസ്. സി. ഡെവലപ്മെന്റ് ഓഫീസർ |
| 3-13 | | 60000 | |
| 3-14 | | 4500 | |
| 3-17 | | 220200 | അനൂപ്. വി. സി,<br>നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| ആകെ | 48992 | 731652 | |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 89567 | സുനിൽകുമാർ, ജെ. എച്ച്. ഐ (38567)<br>ആൻസി തോമസ്, ക്ലാർക്ക് (6000)<br>വിനോദ് കുമാർ. ജി, (45000) |
| 3-5 | 298930 | ഡി. ദിനേശ്കുമാർ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | 112380 | |
| 3-11 | 2000 | ഉഷാ ദേവി. പി, എസ്.സി. ഡെവലപ്മെന്റ് ഓഫീസർ |
| 3-18 | 247500 | അനൂപ്. വി. സി, പ്രോജക്ട് ഓഫീസർ |
| 3-21 | 2500000 | എൻ. കെ. കൃഷ്ണകുമാർ, സെക്രട്ടറി |
| ആകെ | 3250377 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-4, 2-6, 2-11, 2-12, 2-13, 2-18, 3-20

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. എൻ. കെ. കൃഷ്ണകുമാർ,<br>സെക്രട്ടറി | | നമ്പി പറമ്പിൽ ഹൗസ്,<br>കീഴ്മാട്,<br>എരുമത്തല. പി.ഒ, ആലുവ |
| ശ്രീമതി. ഉഷാ ദേവി,<br>എസ്. സി. ഡെവലപ്മെന്റ് ഓഫീസർ | | രേവതി,<br>ചെമ്മേ പറമ്പ്,<br>കടക്കരപ്പള്ളി പി. ഒ,<br>ചേർത്തല |
| ശ്രീ. അനൂപ്. വി. സി,<br>പ്രോജക്ട് ഓഫീസർ,<br>നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | മാവേലിക്കര നഗരസഭ | വട്ടപ്പള്ളിൽ ഹൗസ്,<br>കിളിരൂർ നോർത്ത് പി.ഓ |
| ശ്രീ. ദിനേശ് കുമാർ. ഡി,<br>അസിസ്റ്റന്റ് എഞ്ചിനീയർ | | വൈഷ്ണവം,<br>കോട്ടയ്ക്കകം, ചവറ. പി. ഒ |
| ശ്രീമതി. ഷെന്യ സൂസൻ ചാക്കോ,<br>സെക്ഷൻ ക്ലർക്ക് | ക്ലർക്ക്,<br>മാവേലിക്കര നഗരസഭ | |
| ശ്രീ. എസ്. കുമാർ,<br>ഹെഡ് ക്ലർക്ക് | ഹെഡ് ക്ലർക്ക് ,<br>ആലപ്പുഴ നഗരസഭ | |
| ശ്രീ. ഡി. സാജു,<br>സെക്രട്ടറി | | മേരീ വിലാസം,<br>കൊട്ടുവിള. പി. ഒ,<br>ഈസ്റ്റ് കല്ലട, കൊല്ലം – 691502 |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.എ.4-936/00/17.03.2001 |
| 1998-99 | എൽ.എഫ്.എ.4-937/00/17.03.2001 |
| 1999-2000 | എൽ.എഫ്.എ.4-218/02/18.08.2002 |

| | |
|---|---|
| 96-97 (ഫൈനൽ) | എൽ.എഫ്.എ.4-1031/03/15.12.2003 |
| 97-98(ഫൈനൽ) | എൽ.എഫ്.എ.4-1163/02/14.01.2003 |
| 98-99(ഫൈനൽ) | എൽ.എഫ്.എ.4-532/05/07.10.2005 |
| 2000-01 | എൽ.എഫ്.എ.4-673/05/09.11.2005 |
| 2001-02 ചെലവ് | എൽ.എഫ്.എ.4-938/05/05.05.2006 |
| 99-2000(ഫൈനൽ) | എൽ.എഫ്.എ.4-939/05/05.05.2006 |
| 2000-01(ഫൈനൽ) | എൽ.എഫ്.എ.4-821/07/12.08.2007 |
| 2001-02(ഫൈനൽ) | എൽ.എഫ്.എ.4-822/07/31.10.2007 |
| 2002-03 (വരവ് - ചെലവ്) | എൽ.എഫ്.എ.4-823/07/31.10.2007/06.07.2008 |
| 2003-04 | എൽ.എഫ്.എ.4-813/08/28.01.2009/22.04.2009 |
| 2004-05 | എൽ.എഫ്.എ.4-814/08/21.08.2009/22.04.2009 |
| 2005-06 | എൽ.എഫ്.എ.4-834/08/21.08.2009/22.04.2009 |
| 2006-07 | എൽ.എഫ്.എ.4-837/08/21.08.2009/11.08.2009 |
| 2007-08 | എൽ.എഫ്.എ.4-838/08/10.06.2009/01.10.2009 |
| 2008-09 | എൽ.എഫ്.എ.എം.1-500/12/06.12.2012 |
| 2009-10 (ചെലവ്) | എൽ.എഫ്.എ.എം.1-561/12/06.12.2012/ 14.12.2012 |
| 2009-10 (വരവ്),<br>2010-11, 2011-12 &<br>2012-13 | എൽ.എഫ്.എ.എം.1-1991/2014/27.02.2015/ 01.05.2015 |
| 2013-14 | എൽ.എഫ്.എ.എം-1-1094/15/4.8.2015/31.08.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി./എം.1/559/2016/6.06.2016 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-11 ഓഡിറ്റ് നിർദേശങ്ങൾ

2015-16 ഓഡിറ്റിന്റെ വിശകലനങ്ങളുടെ അടിസ്ഥാനത്തിൽ താഴെ വിവരിക്കുന്ന നിർദേശങ്ങൾ നഗരസഭ കൌൺസിലിന്റെ അടിയന്തര പരിഗണനയ്ക്ക് സമർപ്പിക്കുന്നു.

1. രേഖകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നതിൽ ഗുരുതരമായ അനാസ്ഥ ദൃശ്യമാണ്. അതിനാൽ നഗരസഭയിലെ എല്ലാ സെക്ഷനുകളും ഐ.കെ.എമ്മിന്റെ സാങ്കേതിക മേൽനോട്ടത്തിൽ കമ്പ്യൂട്ടർവത്കരിച്ച് വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തേണ്ടതാണ്. ഇതിലൂടെ നഗരഭരണം സുതാര്യവും ജനതാല്പര്യപരവുമാക്കേണ്ടതാണ്.
2. കാലഹരണപ്പെട്ട ബൈലോകളാണ് തനത് വരവിലെ പ്രധാന ഇനങ്ങൾ പിരിക്കുവാൻ ഉപയോഗിക്കുന്നത്. ഇതിനാൽ വരവിൽ ലക്ഷങ്ങളാണ് ചോരുന്നത്. ബൈലോകൾ ഉടൻ പരിഷ്കരിക്കേണ്ടതാണ്.
3. എല്ലാ തനത് വരവിനങ്ങളിലും വൻ തുക കുടിശികയാണ്. കുടിശിക പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ സമയബന്ധിത നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. കെട്ടിടനികുതി പരിഷ്കരണം ഇഴയുകയാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ മേൽനോട്ടത്തിൽ പരിഷ്കരണം വേഗത്തിൽ തീർത്ത് പുതുക്കിയ നികുതി കുടിശിക സഹിതം പിരിച്ചെടുക്കേണ്ടതാണ്.
5. ഡി&ഒ ലൈസൻസ് ഫീസ് പിരിവിന് ആധാരമായ ട്രേഡേഴ്സ് ലിസ്റ്റിൽ സ്ഥാപനങ്ങളുടെ വ്യാപാരനാമം കർശനമായും ചേർക്കേണ്ടതാണ്. വലിയസ്ഥാപനങ്ങൾ പലതും ലിസ്റ്റിൽ കാണുന്നില്ല. അതിനാൽ എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി പുതിയ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ലിസ്റ്റ് വാർഡ് സഭകൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, നഗരസഭ കൌൺസിൽ എന്നിവയുടെ ത്രിതല സൂക്ഷ്മപരിശോധനയ്ക്കും അംഗീകാരത്തിനും ശേഷം അന്തിമമാക്കേണ്ടതാണ്.
6. വെള്ളക്കരം, വൈദ്യുതി ചാർജ് എന്നിവയ്ക്ക് ലക്ഷങ്ങളാണ് ചെലവഴിക്കുന്നത്. ചെലവിന്റെ കൃത്യത സംശയം ജനിപ്പിക്കുന്നതാണ്. അടിയന്തരമായി സംയുക്ത പരിശോധന നടത്തി നഗരസഭാ ഫണ്ടിന്റെ ചോർച്ച ഒഴിവാക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ആലപ്പുഴ

നം. കെ.എസ്.എ-എ.എൽ.പി/ജി.എ.5-160/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 15.02.2017
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 13-ാം വകുപ്പ്, 1994 – ലെ കേരള നഗരപാലികാ നിയമം - വകുപ്പ് 295(4) ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ മാവേലിക്കര നഗരസഭയുടെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാവേലിക്കര നഗരസഭയുടെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

No. KSA-ALP/GA.5-160/2017

Kerala State Audit Department,
District Audit Office, Alappuzha.

Date: 15.02.2017
Phone : 0477 2252753
E-mail : ddhglfalpy@gmail.com

## *AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Mavelikkara Municpality in Alappuzha District for the year ended on 31.03.2016 in accordance with Section 13 of the Kerala Local Fund Audit Act 1994, Section 295(4) of the Kerala Municpality Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Mavelikkara Municpality for the year 2015-16 except the observations in Para 4-1 of my audit report properly presents the picture of income and expenditure.

Senior Deputy Director
Kerala State Audit Department